# വേർപാട്

015

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം



ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്

വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
## EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**

ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**വാർഷിക വരിസംഖ്യ : Rs.150/-**

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. തോംസൺ കെ. പോൾ


**വാർത്തകളും കത്തുകളും, വരിസംഖ്യയും അയക്കേണ്ട വിലാസം**


**Saneesh Cherian,**
Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com





## വരിക്കാരുടെ ശ്രദ്ധയ്ക്ക്

വേർപാടു സഭകളുടെ നന്മയും മഹത്വവും ഉയർത്തിക്കാണിക്കുകയും ദുരുപദേശങ്ങളെ വസ്തുനിഷ്ഠമായി ഖണ്ഡിക്കുകയും ചെയ്യുന്നതിൽ പ്രതിജ്ഞാബദ്ധമായിരിക്കുന്ന വേർപാട് വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കുന്നതിന് വാർത്തകളും ലേഖനങ്ങളും അയക്കുന്നവർ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ പ്രസിദ്ധീകരണത്തെ ഓർത്തു പ്രാർത്ഥിക്കണമെ.

# വേർപാട്


അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

Volume 15 August 2012


## ഉള്ളടക്കം


സ്ത്രീ-പുരുഷ സമത്വം ബൈബിൾ വീക്ഷണത്തിൽ 02

ആത്മീക ഉണർവ്വ് ബ്രദറൺ സഭകളിൽ ഇല്ലെന്നോ? 03


പ്രവചനങ്ങൾ സത്യവും മിഥ്യയും 05

വേർപാട് ന്യൂസ് 07

വേർപാട് വിവാഹ വേദി Verpad Matrimonial 11

വേദവിജ്ഞാനം സംഖ്യാ പുസ്തകം 12

അന്വേഷിച്ചു ! കണ്ടെത്തി എൻ രക്ഷാനായകനെ 13


## എഡിറ്റോറിയൽ




**ആ**ധുനിക കാലത്ത് ഇലട്രോണിക് മാധ്യമങ്ങൾ പ്രഥമ സ്ഥാനം അലങ്കരിക്കുന്നു. മനുഷ്യജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത നിലയിൽ ഇലക്ട്രോണിക്സ് തരംഗം ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞു. മൊബൈൽ പോലെ തന്നെ കംപ്യൂട്ടറും ഇന്നു മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. അതുകൊണ്ട് അവയെ ഒഴിവാക്കി ജീവിക്കുക അസാധ്യമാണ്.

ഒരു കാലത്ത് ടി.വി കാണുന്നതും കംപ്യൂട്ടർ ഉപയോഗിക്കുന്നതും പാപമായി വിശ്വാസികൾ പലരും നിർവ്വചിച്ചിരുന്നു. ഇന്നു കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ പഠനത്തിന്റെയും തൊഴിലിന്റെയും ഭാഗമാണിവ. ഇന്നു ടിവിയും കംപ്യൂട്ടറും മൊബൈലും ഇല്ലാത്ത വിശ്വാസഭവനങ്ങൾ തന്നെ വിരളമാണ്. ഇത്തരം മാധ്യമ ഉപാധികൾ നല്ലതു തന്നെ. എന്നാൽ അതു വലിയ പാപത്തിലേക്കും ക്രിസ്തുവിന്റെ സാക്ഷ്യത്തിനപമാനം വരുത്തുന്നതുമായിത്തീരാനുള്ള സാധ്യത വളരെയധികമാണ്.

ഇന്റർനെറ്റ് ലോകത്തിൽ ഓർക്കൂട്ട്, ഗൂഗിൾ പ്ലസ്, ഫേസ്ബുക്ക് എന്നിവ സുഹൃത് വലയം സൃഷ്ടിക്കുന്നതിനും, ആശയങ്ങൾ പങ്കുവെയ്ക്കുന്നതിനും ഉത്തമ ഉപാധിയാണ്. സുവിശേഷീകരണത്തിനും ഫലകരമായി പ്രയോജനപ്പെടുത്താവുന്ന ഒരു മാധ്യമം തന്നെ. നന്മയുടെ വശം ഇങ്ങനെ നിൽക്കുമ്പോൾ തന്നെ തിന്മയുടെ വശവും വെളിപ്പെടുന്നു. ഫേസ്ബുക്ക് വാസ്തവത്തിൽ ഒരു തുറന്ന പുസ്തകമാണ്. അവിടെ ഓരോരുത്തരും എന്തു ചെയ്യുന്നു എന്ന് മറ്റുള്ളവർക്ക് കാണാൻ സാധിക്കുന്നു. അറിഞ്ഞോ അറിയാതെയോ ചെയ്തു പോകുന്ന ഒരു ക്ലിക്ക് നമ്മെക്കുറിച്ച് മറ്റുള്ളവർക്ക് നൽകുന്ന സന്ദേശം ദൂരവ്യാപകമായ ദോഷങ്ങൾ ഉളവാക്കുവാൻ സാദ്ധ്യതയുണ്ട് എന്നോർക്കുക.

ക്യാംപസുകളിലും മറ്റും ഒരുമിച്ചിരുന്നു യുവജനങ്ങൾ കാണിക്കുന്ന വിക്രിയകൾ ഫേസ്ബുക്കിൽ ലോഡ് ചെയ്യുകയും ഷെയർ ചെയ്യപ്പെടുകയും ചെയ്യുന്നതു ഹരമാണ്. വിശ്വാസികളായ പലരെ ആ നിലയിൽ കാണുവാനിടയാകുന്നതു നല്ല കാര്യമല്ല. സകല വിധ കോലങ്ങളും കെട്ടി ഹിപ്പികളെ പോലെ യുവവിശ്വാസികൾ ഫേസ്ബുക്കിൽ പ്രത്യക്ഷപ്പെടുന്നതു ദുഃഖകരം തന്നെ. ഫേസ്ബുക്കിൽ ഇടുന്ന ചിത്രങ്ങളും ഇഷ്ടപ്പെടുന്നുവെന്ന് പറയുന്ന വിഭവങ്ങളും ലോകത്തിന് മുന്നിൽ നമ്മെ അനാവൃതമാക്കുന്നു.

വളരെ വിവേകത്തോടും വിവേചനത്തോടും കൂടി മാത്രമേ ഫേസ്ബുക്ക് പോലുള്ള മാധ്യമങ്ങൾ കൈകാര്യം ചെയ്യാവൂ. ഫേസ് ബുക്ക് സാത്താൻ ഇണങ്ങിയ ആയുധമായി ഉപയോഗിക്കുന്നു. ആ ബോധ്യം നമ്മെ ഭരിക്കട്ടെ.

ഡോ. സനീഷ് ചെറിയാൻ

ജാലകം

# സ്ത്രീ-പുരുഷ സമത്വം

## ബൈബിൾ വീക്ഷണത്തിൽ



നോയൽ ദാനിയേൽ

സ്ത്രീയും പുരുഷനും ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും എല്ലാ അനുഗ്രഹങ്ങൾക്കും അവകാശികളാണെന്നും ബൈബിൾ സവിസ്തരം പ്രഖ്യാപിക്കുന്നു. (ഉല്പ 1:26-28) ആദമിനെയും ഹവ്വയെയും സൃഷ്ടിച്ചപ്പോൾ, ദൈവം അവർക്ക് ഭൂമിയുടെ മേൽ ആധിപത്യം നൽകുകയും അവർ ഒരുമിച്ച് ഭൂമിയെ വാഴുകയും ചെയ്തു (ഉല്പ 1:28). ഭൂമിയെ ഭരിക്കുന്നതിൽ ഹവ്വ ആദമിനെ സഹായിച്ചു. വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ എന്ന നിലയിൽ സ്ത്രീയും പുരുഷനും ദൈവമുമ്പാകെ തുല്യരാണെങ്കിലും പ്രവർത്തനങ്ങളിൽ (Role) വ്യത്യാസമുണ്ട്. ആത്മികമായി പറയുകയാണെങ്കിൽ സ്ത്രീയും പുരുഷനും ഒരുപോലെയാണെന്നു മാത്രമല്ല (ഗലാ. 3:28), സ്ത്രീകൾ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികളും ആകയാൽ അവർക്കു ബഹുമാനവും കൊടുക്കണം (1 പത്രൊ. 3:7).

ആദം ഹവ്വമാർ പാപത്തിൽ തുല്യപങ്കാളികൾ ആയതുപോലെ( ഉല്പ.3 :6;റോമ5 :12-21,1 കൊരി 15:21-22), യേശുക്രിസ്തു സ്ത്രീകളെയും പുരുഷന്മാരെയും ഒരുപോലെ വീണ്ടുടുക്കുവാനായിട്ടാണ് ഈ ലോകത്തിൽ വന്നത്. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ എല്ലാവരും ഒന്നാകുന്നതുപോലെ, സ്വർഗ്ഗത്തിലെ സകല അനുഗ്രഹങ്ങൾക്കും എല്ലാവരും അവകാശികൾ ആണ്. (യോഹ. 1:12-13; റോമ 8:14-17; 2 കൊരി 5:17; ഗലാ 3:26-28). സ്ത്രീകളും യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മിക യാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിതവർഗ്ഗം ആണ് (1 പത്രോ. 2:5,9 ; വെളി 1:6, 5:10). നാം എല്ലാവരും ക്രിസ്തുവിന്റെ സ്ഥാനാപതികളും ആകുന്നു. (2 കൊരി 5:20)

**തലയും അധീനത്വവും (വിധേയത്വം) :**

ദൈവീക ത്രിത്വത്തിലെ മൂന്നു ആളത്വവും സത്തയും ഒരുപോലെ പ്രവർത്തിക്കുന്നവരാണെങ്കിൽപ്പോലും ഒരു ക്രമത്തിനു വേണ്ടി അതിൽ തന്നെ ഒരു തലയും അധീനത്വവും ഉണ്ട് എന്നു കാണാം. മൂവരും സഹപ്രവർത്തകരാണെങ്കിലും (consubstantial,co-equal, and co-eternal) പിതാവാം ദൈവത്തിന് പുത്രനാം ദൈവത്തെക്കാൾ പ്രഥമഗണനയും പുത്രന് പരിശുദ്ധാത്മാവാം ദൈവത്തേക്കാൾ പ്രഥമഗണനയും ഉണ്ട്. പുത്രൻ പിതാവിന് വിധേയപ്പെട്ടും , പരിശുദ്ധാത്മാവ് പുത്രന് വിധേയപ്പെട്ടുമിരിക്കുന്നു. ദൈവീക ത്രിത്വത്തിൽ ഒരു ക്രമമുണ്ട്. (യോഹ. 12:49; 16:7, 17:4; എബ്രാ. 10:7,9)

ക്രിസ്തുവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ യേശുക്രിസ്തു പുരുഷന്റെ തലയായതിനാൽ പുരുഷൻ ക്രിസ്തുവിന് വിധേയപ്പെട്ടിരിക്കുന്നു. മനുഷ്യനോടുള്ള ബന്ധത്തിൽ പുരുഷൻ സ്ത്രീക്ക് മുമ്പ് സൃഷ്ടിക്കപ്പെട്ടതു കൊണ്ടും, പുരുഷനെ സത്രീയുടെ തലയാക്കിയതുകൊണ്ടും സ്ത്രീ പുരുഷന് വിധേയപ്പെട്ടിരിക്കുന്നു. ഇതിന് സൃഷ്ടിയുടെ ക്രമം എന്നു പറയുന്നു. "സ്ത്രീയെ പുരുഷനിൽ നിന്നും എടുത്തത്, പുരുഷന്റെ മേൽ കർതൃത്വം നടത്തുവാനല്ല, അവനോടൊപ്പം വർത്തിക്കുവാനും സുരക്ഷിതത്വത്തിനായി അവന്റെ കൈക്കീഴിലും , സ്നേഹത്തിനായി അവന്റെ ഹൃദയത്തോടു ചേർന്നും ഇരിക്കേണ്ടതിനാണ്" എന്ന് മാത്യു ഹെന്റി പ്രസ്താവിച്ചിട്ടുണ്ട്.

ഫലം ഭക്ഷിച്ച് പാപം ചെയ്തത് ഹവ്വയാണെങ്കിലും ആദം അനുസരണക്കേട് കാണിച്ചതായിട്ടാണ് രേഖ

> **"സ്ത്രീയെ പുരുഷനിൽ നിന്നും എടുത്തത്, പുരുഷന്റെ മേൽ കർതൃത്വം നടത്തുവാനല്ല, അവനോടൊപ്പം വർത്തിക്കുവാനും സുരക്ഷിതത്വത്തിനായി അവന്റെ കൈക്കീഴിലും , സ്നേഹത്തിനായി അവന്റെ ഹൃദയത്തോടു ചേർന്നും ഇരിക്കേണ്ടതിനാണ്"**

ശേഷം പേജ് 16 ▶

വിചിന്തനം



# ആത്മീക ഉണർവ്വ് ബ്രദറൺ സഭകളിൽ ഇല്ലെന്നോ?

ഡോ. ജോൺസൺ സി. ഫിലിപ്പ്

**സ്ഥ**ലകാല ഭേദമില്ലാതെ ക്രിസ്തീയ വിശ്വാസികൾ ആഗ്രഹിക്കുന്ന കാര്യമാണ് ആത്മീക ഉണർവ്വ്. മനുഷ്യഹൃദയത്തിലെ ഈ ആഗ്രഹത്തിന്റെ ആഴം മനസ്സിലാക്കിയ ക്രൈസ്തവ സഭാ വിഭാഗങ്ങളുടെ നേതാക്കന്മാർ അതിനെ പരിപോഷിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ ക്രമീകരിക്കുന്നു. പെന്തക്കോസ്തു, കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ മുഖമുദ്രയായിരിക്കുന്ന അന്യഭാഷയും രോഗശാന്തി ശുശ്രൂഷകളും മറ്റു സഭാവിഭാഗങ്ങളും ഉണർവ്വ് യോഗങ്ങൾ എന്ന പേരിൽ സംഘടിപ്പിച്ചു വരുന്നു. ആളുകൾ കൊഴിഞ്ഞുപോകുന്നതു തടയുക എന്നതിലപ്പുറം തിരുവചനം അനുശാസിക്കുന്ന ആത്മീക ഉണർവ്വുമായി ഇത്തരം കൂടിവരവുകൾക്ക് യാതൊരു ബന്ധവുമില്ലെന്നു സാമാന്യ വചനനിശ്ചയമുള്ള ആർക്കും മനസ്സിലാവുന്ന ഒന്നാണ്.

വൈകാരികവും മനുഷ്യന്റെ ജഡാഭിലാഷങ്ങളെ പോഷിപ്പിക്കുന്നതുമായ ഒരു മാസ്മരിക പ്രതിഭാസമായാണ് പലരും ആത്മീക ഉണർവ്വിനെ വീക്ഷിക്കുന്നത്. ക്രിസ്തീയ സഭാ ചരിത്രം പരിശോധിച്ചാൽ, ആത്മീക ഉണർവ്വിന് വചനപ്രകാരമല്ലാത്ത നിർവചനം നൽകിയ സംഘങ്ങൾ എല്ലാം തന്നെ അധാർമ്മികതയിലും സാമ്പത്തിക ക്രമക്കേടുകളിലും ചെന്നു പതിച്ച്, സുവിശേഷത്തിന് അപമാനം വരുത്തിയതായി മനസ്സിലാക്കാം.

ക്രിസ്തീയ സമൂഹത്തിൽ ആത്മീക ഉണർവ്വിന്റെ പേരിൽ പുതുപുത്തൻ സെമിനാറുകളും, യോഗങ്ങളും നടക്കുമ്പോൾ, അതു വചനപ്രകാരം ശരിയോ എന്നു ശോധനചെയ്യുന്ന പതിവ് ബ്രദറൺ സഭാപിതാക്കന്മാർക്കും ശുശ്രൂഷകർക്കും ഉണ്ടായിരുന്നു. തന്മൂലം വൈകാരിക പ്രഹസനങ്ങൾക്ക് ബ്രദറൺ സഭകളിൽ ഇടം കിട്ടിയില്ല. പരിശുദ്ധാത്മാവിന്റെ ദൈവത്വവും ആളത്വവും തിരുവെഴുത്തു വെളിപ്പെടുത്തുന്ന നിലയിൽ തന്നെ ഉൾക്കൊണ്ടു മുന്നേറിയ ബ്രദറൺ സഭകൾ മറ്റേതൊരു സഭാവിഭാഗത്തെക്കാളും ശ്രേഷ്ഠമായ നിലയിൽ തന്നെ മുന്നേറി. വചനപഠനത്തിനും ആത്മീക കൂടിവരവുകൾക്കും പ്രാർത്ഥനായോഗങ്ങൾക്കും ശുഷ്കാന്തിയും ദാഹവുമുണ്ടായിരുന്ന വിശ്വാസികൾക്ക് അഗ്രഗണ്യരായ ഉപദേഷ്ടാക്കന്മാരെയും ദൈവം നൽകി. എന്നാൽ തലമുറകൾ വന്നപ്പോൾവ ചനപഠനത്തിനുള്ളത ീക്ഷ്ണത വിശ്വാസികളിൽ കുറയുകയും ഭൗതിക നേട്ടങ്ങൾക്കുള്ള വിരഞ്ഞോട്ടം വർദ്ധിക്കുകയും ചെയ്തു. തങ്ങളുടെ ഭൗതിക ജീവിതരീതിയെയും കാഴ്ചപ്പാടുകളെയും ചേർത്തുള്ള ഒരു ആത്മീക ഉണർവ്വ് ആധുനിക വിശ്വാസികൾ ആഗ്രഹിക്കുന്നു. പൂർവ്വ പിതാക്കന്മാർ വേർപാടിന്റെഅ ടയാളമായിഉ പേക്ഷിച്ചക ാര്യങ്ങൾ ഇന്നത്തെ തലമുറ തിരികെ എടുക്കുവാൻ താൽപ്പര്യപ്പെടുന്നു.അ ത്തരംമ നോഭാവത്തെ പോഷിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരും സഭയ്ക്കുള്ളിൽ നിന്നും പുറമെ നിന്നും യുവവിശ്വാസികളെ മാടി വിളിക്കുന്നു.

ബ്രദറൺ സഭകളിൽ ആത്മീക മാന്ദ്യത്തിന്റെയും ഉണർവ്വില്ലായ്മയുടെയും സ്ഥിതി വിശേഷമുണ്ടോ? അടുത്ത കാലത്ത് ആവർത്തിച്ച് കേൾക്കുന്ന ഒരു പ്രയോഗമാണ് , "സഭയിൽ ഒരു സന്തോഷവുമില്ല. ആകെ ഒരു മരവിച്ച അവസ്ഥ." ഈ വിധ പ്രസ്താവനകൾ നടത്തുന്നവർ സഭയുടെ ബൈബിൾ ക്ലാസ്സുകളിലും പ്രാർത്ഥനാകൂടിവരവുകളിലും ഭവനയോഗങ്ങളിലും മുടക്കം കൂടാതെ പങ്കെടുക്കുന്നുണ്ടോ? എന്നു പരിശോധിച്ചാൽ ആത്മീക മരവിപ്പിന്റെ മൂലകാരണം വ്യക്തമാകും.

> **ക്രിസ്തീയ സമൂഹത്തിൽ ആത്മീക ഉണർവ്വിന്റെ പേരിൽ പുതുപുത്തൻ സെമിനാറുകളും, യോഗങ്ങളും നടക്കുമ്പോൾ, അതു വചനപ്രകാരം ശരിയോ എന്നു ശോധനചെയ്യുന്ന പതിവ് ബ്രദറൺ സഭാപിതാക്കന്മാർക്കും ശുശ്രൂഷകർക്കും ഉണ്ടായിരുന്നു. തന്മൂലം വൈകാരിക പ്രഹസനങ്ങൾക്ക് ബ്രദറൺ സഭകളിൽ ഇടം കിട്ടിയില്ല.**

പെന്തക്കോസ്തു പോലുള്ള സഭാ വിഭാഗങ്ങളിൽ നിന്നും ബ്രദറൺ സഭകളിൽ ചേക്കേറി, വ്യക്തിബന്ധങ്ങളിലൂടെ പ്രധാനവേദികളിലെത്തിയവർ ആവർത്തിച്ച് പറഞ്ഞ് വിശ്വാസഹൃദയങ്ങളിൽ പതിപ്പിച്ച സന്ദേശമാണ് ബ്രദറൺ സഭകളിൽ ആത്മീക ഉണർവ്വില്ല എന്നത്. അതുകൊണ്ട് ഹല്ലേലുയ്യ ഉച്ചത്തിൽ പറയണമെന്നും കൈ ഉയർത്തി സ്തോത്രം പറയണമെന്നും ഇക്കൂട്ടർ ആവശ്യപ്പെടുന്നു. വേർപാടു സഭകളിലെ ഉപദേശ നിശ്ചയമില്ലാത്ത വിശ്വാസികൾ ഇത്തരം പ്രലോഭനങ്ങളിൽ അകപ്പെട്ടു, സഭയെക്കുറിച്ച് തെറ്റായ ചിന്താഗതി പുലർത്താനിടവരുന്നു.

ആദിമ കാലങ്ങളിൽ ഇതര സഭാ കൂട്ടായ്മകളിൽ കടന്നുപോയി വചനം ശുശ്രൂഷിക്കുകയോ, കർത്തൃമേശയിൽ പങ്കെടുക്കുകയോ ചെയ്തിരുന്നവർക്കെതിരെ വേർപാടു പിതാക്കന്മാർ അച്ചടക്ക നടപടികൾ എടുത്തിരുന്നു. ആ ബാലശിക്ഷ പ്രാപിച്ചവർ ഇന്നും വേർപാടിനോട് കൂറുള്ളവരായി നിൽക്കുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിയില്ല. ഉപദേശപ്രകാരം എന്നതിലുപരി വ്യക്തിവിഷയങ്ങളിലാണ് നടപടികളുണ്ടാകുന്നത്. വചനാനുസൃതമോ ആത്മീക ദർശനാനുസൃതമോ അല്ലാത്ത പരിചയങ്ങൾ സഭാന്തരീക്ഷത്തിൽ ഉണ്ടാകുമ്പോൾ വിരസത ഉണ്ടാകുന്നതു സ്വഭാവികം. സഭയെ തുച്ഛീകരിക്കുന്നതിനു പകരം നാം ഉണർന്നു വചനാനുസൃതം പ്രവർത്തിക്കുകയാണ് ആവശ്യം.

സ്ഥലം സഭകളിൽ ക്രമീകൃതമായ വചനപഠനം ഉണ്ടാവുകയാണ് ആത്മീക ഉണർവിന്റെ അടിസ്ഥാനം. വ്യക്തി ജീവിതത്തിലും വചനപഠനത്തിനുള്ള താല്പര്യം (1 പത്രോ. 2:12) നാം രൂപപ്പെടുത്തേണ്ടതുണ്ട്.

ആത്മീക ഉണർവ്വിന്റെ പ്രായോഗികത എന്നു പറയുന്നതു ആത്മീക ഐക്യതയാണ് (അ.പ്ര. 4:32)

> **നമ്മുടെ സഭയുടെ നന്മ കാണുവാൻ നമുക്കു കഴിയണം. പരാജയങ്ങൾ കണ്ടാൽ അതു സ്നേഹത്തിന്റെ ആത്മാവിൽ തിരുത്തുവാൻ ശ്രമിക്കണം. അക്കരപ്പച്ച തേടിപ്പോയൽ അതു കേവലം മരീചികയാണെന്നു കാലം തെളിയിക്കും. എല്ലാം അവിടെയുണ്ടെന്നു തോന്നിയതല്ലാതെ അവിടെ യാതൊന്നും ഇല്ലെന്നു തിരിച്ചറിയുമ്പോഴേക്കും വളരെ വൈകിയിരിക്കും.**

ഫലമെന്നതുവ ചനംശ ക്തിയോടെ്പ്ര പസംഗിക്കുകയും (അ.പ്ര. 4:31). ആത്മീക ഉണർവ്വുണ്ടാകുമ്പോൾ അന്യോന്യം വചനം പ്രബോധിപ്പിക്കുവാനും (കൊലോ 3:16,17) ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിക്കുവാനും (എഫെ. 5:15-21) സാധിക്കും.

വേർപാടു സഭകൾ നൂറു ശതമാനവും തികവുള്ളതായിരിക്കുന്നില്ല. എന്നാൽ ഇന്നു വചനത്തോട് ഏറ്റവും അടുത്തു പെരുമാറുന്ന സഭയായി അതു നിലകൊള്ളുന്നു. ഇതരസഭകളിൽ ശുശ്രൂഷകരിലെ പരാജയങ്ങൾക്കു കണ്ണടയ്ക്കുമ്പോൾ ബ്രദറൺ സഭകൾ അതു ഗൗരവമായി വീക്ഷിക്കുന്നതു തന്നെ ഈ പ്രത്യേകതയ്ക്കു തെളിവാണ്. നമ്മുടെ സഭയുടെ നന്മ കാണുവാൻ നമുക്കു കഴിയണം. പരാജയങ്ങൾ കണ്ടാൽ അതു സ്നേഹത്തിന്റെ ആത്മാവിൽ തിരുത്തുവാൻ ശ്രമിക്കണം. അക്കരപ്പച്ച തേടിപ്പോയാൽ അതു കേവലം മരീചികയാണെന്നു കാലം തെളിയിക്കും. എല്ലാം അവിടെയുണ്ടെന്നു തോന്നിയതല്ലാതെ അവിടെ യാതൊന്നും ഇല്ലെന്നു തിരിച്ചറിയുമ്പോഴേക്കും വളരെ വൈകിയിരിക്കും.

നമ്മുടെ സഭകളിൽ മുടങ്ങിപ്പോയ ബൈബിൾ ക്ലാസ്സുകൾ, പ്രാർത്ഥനാ കൂടിവരവുകൾ, പരസ്യയോഗങ്ങൾ ഒക്കെ തുടങ്ങാൻ ഒരു ചുവടു വെയ്ക്കാം. ആത്മീക ഉണർവ്വു കണ്ടു നമുക്കു നിർവൃതിയടയാം.

## ശ്രദ്ധയ്ക്ക്

വേർപാട് ക്വിസിൽ 10 മുതൽ 84 വയസ്സ് വരെ പ്രായമുള്ള സഹോദരീ സഹോദരന്മാർ പങ്കെടുക്കുന്നു എന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ലളിതവും അതേ സമയം പഠനത്തിനുപകരിക്കത്തക്ക നിലയിലുമാണ് ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. കഴിഞ്ഞ ലക്കങ്ങളിൽ 10 ൽ കൂടുതൽ ഉത്തരങ്ങൾ ശരിയാക്കിയവരുടെ പേരുകളും ചേർത്തിരുന്നു. സ്ഥലപരിമിതി മൂലം അടുത്ത ലക്കം മുതൽ എല്ലാം ശരിയുത്തരം നൽകുന്നവരുടെ പേരുകൾ മാത്രമേ ചേർക്കുകയുള്ളൂ. 12 ലക്കവും തുടർച്ചയായി ഉത്തരം ശരിയാക്കുന്നവർക്കു്പ്ര പത്യേകസ മ്മാനങ്ങളും,ഉ ത്തരങ്ങൾ1 2ല ക്കങ്ങളിൽശ രിയാക്കുന്നവർക്കു പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്. ആകയാൽ എല്ലാ മാസവും ഉത്തരം അയയ്ക്കുക. കഴിഞ്ഞ ലക്കങ്ങളിൽ സഹകരിച്ച എല്ലാവർക്കും നന്ദി

(ക്വിസ് മാസ്റ്റർ)



# പ്രവചനങ്ങൾ
## സത്യവും മിഥ്യയും

**സന്തോഷ് കോഴഞ്ചേരി**

**എ**.ഡി. 44 മുതൽ 66 വരെ റോം ഭരിച്ചിരുന്ന കസ്പിയസ് ഫാഡസ് എന്ന ഗവർണ്ണറുടെ കാലത്ത് ട്യൂഡാസ് എന്നൊരാൾ താൻ ഒരു പ്രവാചകനാണെന്നു പറഞ്ഞുകൊണ്ട് അനേകരെ വശീകരിച്ച് സമ്പാദിച്ചു. എന്നാൽ അധികാരികൾ അദ്ദേഹത്തെ വധിച്ചു. അതിനുശേഷം ഈജിപ്തുകാരനായ ഒരു യഹൂദൻ 4000 അനുയായികളുമായി ഒലിവുമലയിൽ താവളമടിച്ചു. താൻ ഒരു അടയാളം കാണിക്കുന്ന സമയം യരുശലേമിന്റെ പ്രാകാരങ്ങൾ നിലംപതിക്കുമെന്ന് അയാൾ പ്രവചിച്ചു. ഫേലിക്സ് എന്ന ഗവർണർ അദ്ദേഹത്തെ മരുഭൂമിയിലേക്ക് ഓടിച്ചു. ശമരിയായിൽ സൈമൺ മാഗൂസ് എന്നൊരാൾ രംഗപ്രവേശനം ചെയ്യുകയും താൻ ദൈവത്തിൽ നിന്നും വന്നവനാണെന്നും പറഞ്ഞ് പ്രവചനങ്ങളും അടയാളങ്ങളും ആരംഭിച്ചു. കൂടാതെ സെരിത്തൂസ്, മെനാൻഡർ എന്നിവരും ഇപ്രകാരം അവകാശപ്പെട്ടവരാണ്.

വേദപുസ്തകത്തിൽ ഏകദേശം 175 തവണയോളം പ്രവചനം എന്നോ അതിനോടനുബന്ധിച്ചോ ഉള്ള പദങ്ങൾ ആവർത്തിക്കപ്പെടുന്നുണ്ട്. ചാസോൻ എന്ന എബ്രായ വാക്കിന് ഒരു ദർശനം കാണുക, കാഴ്ച, എന്നൊക്കെയാണ് അർത്ഥം. വചനത്തിന്റെ പ്രകാശ പ്രകാരം അബ്രഹാമാണ് ആദ്യത്തെ പ്രവാചകൻ എന്നു കാണുന്നു. എന്നാൽ യൂദ 14,15 ൽ ആദാം മുതൽ അബ്രഹാം വരെയുള്ള കാലഘട്ടത്തിൽ ഹാനോക്ക് ഒരു പ്രവാചകൻ ആയിരുന്നു എന്നു പറയുന്നു. അബ്രഹാമിനു ശേഷം വന്ന പ്രവാചകൻ മോശെ ആയിരുന്നു. (ആവ. 34:12)

ദൈവത്തിന്റെ അരുളപ്പാടിനെ അറിയിക്കുക എന്നതാണ് ഒരു പ്രവാചകന്റെ ഏക കടമ. അതു തന്നെയായിരുന്നു പഴയ നിയമപ്രവാചകരുടെ ജോലികളും. യഹോവ തന്നെയാണ് ഒരു പ്രവാചകനെഅ ഭിഷേകംം ചെയ്യുന്നത്.ത ന്റേതായ വാക്കുകളല്ല പ്രവാചകൻ അറിയിക്കുന്നത്. പഴയ നിയമത്തിൽ ചരിത്ര ഗ്രന്ഥങ്ങളിലും കാവ്യഗ്രന്ഥങ്ങളിലും മാത്രം ഏകദേശം 300-ൽ അധികം തവണ യഹോവ അരുളിച്ചെയ്യുന്നു എന്നു പറയുന്നുണ്ട്. പ്രവചനപുസ്തകത്തിൽ 1200 തവണയും മലാഖിയിൽ മാത്രം 24 തവണയും ഈ വാക്ക് ആവർത്തിക്കപ്പെടുന്നു.

എന്നാൽ ഇന്ന് പ്രവചനം, പ്രവാചകൻ എന്നത് വളരെ തെറ്റിദ്ധരിക്കപ്പെടുന്നു. വീണ്ടെടുക്കപ്പെട്ട പുതിയ നിയമ വിശ്വാസികളിൽ എത്രയോ പേർ ഇന്ന് പ്രവചനങ്ങളുടേയും പ്രവാചകന്മാരുടേയും അടുക്കലേക്ക് യാത്രയാകുന്നു. എന്തുകൊണ്ട്? കള്ള പ്രവചനങ്ങളാൽ എത്രയോ പേർ വിശ്വാസത്തിൽ നിന്നും തെറ്റിയൊഴിക്കപ്പെട്ടു. എന്തുകൊണ്ട്? നാം വളരെ ജാഗരൂകരാകേണ്ട സമയമാണ് ഇത്.

ബൈബിൾ കാലയളവിൽ ദൈവത്താൽ നിയോഗിക്കപ്പെട്ട പ്രവാചകന്മാർ ഉണ്ടായിരുന്നു എന്നു നമുക്കറിയാം. ദൈവത്താൽ നിയോഗിക്കപ്പെട്ട് ദൈവീക ആലോചനകൾ മാത്രം പ്രവചിക്കുന്ന സത്യ പ്രവാചകന്മാർ. അവ ദൈവീക അരുളപ്പാടുകൾ ആയിരുന്നതിനാൽ അവയൊക്കെ അപ്രകാരം തന്നെ നിറവേറിയിരുന്നു. ഒന്നുപോലും അബദ്ധങ്ങളായിരുന്നില്ല. മാത്രമല്ല, അവയിൽ ആഴമേറിയ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടിരുന്നു. ആദി അനാദി മുതൽ ദൈവം വെളിപ്പെടുത്തിക്കൊണ്ടിരുന്ന വെളിപ്പാടുകളും ബൈബിളിന്റെ ഒടുവിലത്തെ പ്രവചനവും ഏതാണ്ട് ഒരേ ബന്ധത്തിലാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. (എബ്രാ. 1:1,2)- ദൈവം

**വീണ്ടെടുക്കപ്പെട്ട പുതിയ നിയമ വിശ്വാസികളിൽ എത്രയോ പേർ ഇന്ന് പ്രവചനങ്ങളുടേയും പ്രവാചകന്മാരുടേയും അടുക്കലേക്ക് യാത്രയാകുന്നു. എന്തുകൊണ്ട്? കള്ള പ്രവചനങ്ങളാൽ എത്രയോ പേർ വിശ്വാസത്തിൽ നിന്നും തെറ്റിയൊഴിക്കപ്പെട്ടു. എന്തുകൊണ്ട്? നാം വളരെ ജാഗരൂകരാകേണ്ട സമയമാണ് ഇത്.**

വെളിപ്പെടുത്തിയിരുന്ന പ്രവചനങ്ങൾ കർത്താവായ യേശുക്രിസ്തുവിലൂടെ പൂർണ്ണമായി നമുക്ക്ന ൽകിക്കഴിഞ്ഞു.െ ബെബിൾപ റയുന്നത് കള്ളപ്രവാചകനെ പേടിക്കരുത് എന്നും അവൻ പറയുന്നത് ഒത്തു വരാതിരിക്കുകയും ചെയ്യുമെങ്കിൽ അവനെ കള്ളപ്രവാചകൻ എന്നാണ് പറഞ്ഞിരിക്കുന്നത് (ആവ.18:22; 13:11). കടുത്ത ശിക്ഷയാണ് അങ്ങിനെയുള്ളവർക്ക് വചനം പറയുന്നത്. യോഹന്നാൻ വരെയായിരുന്നു സകല പ്രവാചകന്മാരും പ്രവചിച്ചത് (മത്തായി 11:13). അതായത് അതിനു ശേഷം പ്രവാചകന്മാർ ഇല്ലായിരുന്നു എന്നല്ലേ. മോശയെപ്പോലെ ഒരു പ്രവാചകനെ ദൈവം എഴുന്നേല്പ്പിച്ചു തരും എന്ന് (അപ്പോ. 3:22-26) പറഞ്ഞിരിക്കുന്നത് യേശുക്രിസ്തുവിനെക്കുറിച്ചാണ് എന്നതു നാം അവിടെ മനസ്സിലാക്കുന്നു. (ആവ. 18:15; അപ്പോ. 3:22:26; 7:37). ഏതു ക്രിസ്തീയ വിശ്വാസിയും പ്രവാചകന്മാരാണ് എന്ന് ലൂക്കോസ് രേഖപ്പെടുത്തുന്നു (1 കൊരി. 14:31 വെളി 19:10). 1 കൊരി 14:1- ൽ പറയുന്നു "പ്രവചനവരം വാഞ്ഛരിപ്പിൻ" എല്ലാവരും പ്രവാചകന്മാരാകണം എന്നല്ല അതിന്നർത്ഥം. പിന്നെയോ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന പ്രവചനം വിവേചിച്ചറിയാനുള്ള കഴിവിനായി വാഞ്ചിക്കണം എന്നാണ്. സ്നേഹവും ആത്മീകവരങ്ങളും വാഞ്ചിക്കണം എന്നും അവിടെ പറയുന്നുണ്ട്. ഇവയെല്ലാം ഒന്നിച്ച് പഠിക്കേണ്ടതാണ്. കൃപാവരങ്ങളും, ആത്മീക വരങ്ങളും ഓരോ നിമിഷവും പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്നില്ല. അവയോടു കൂടിയാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. അതേപോലെ പ്രവചനം ബൈബിൾ പൂർണ്ണമാക്കപ്പെട്ടതോടെ പൂർണ്ണമായി. ഇനിയും പുതിയൊരു പ്രവചനത്തിന്റെ ആവശ്യം ഇല്ല. ആയതിനാൽ ദൈവം പൂർത്തിയാക്കി നൽകിയിരിക്കുന്ന പ്രവചനം വിവേചിച്ചറിയാനുള്ള വരം നമുക്ക് എല്ലാവർക്കും ആവശ്യമാണ്. അതിനായി നാം വാഞ്ചിക്കണം. അങ്ങനെ വിവേചിച്ചറിയുന്ന പ്രവചനരേഖകൾ മറ്റുള്ളവർക്ക് പഠിപ്പിച്ചു നൽകുകയും, പ്രബോധിപ്പിക്കയും വേണം (1 കൊരി 14: 31,32). എല്ലാ പ്രവാചകന്മാരേയും നിയന്ത്രിക്കുന്ന ആത്മാവ് ഒന്നു തന്നേ. അത് പരിശുദ്ധാത്മാവ് മാത്രമാണ്. (1 കൊരി. 14:32). ഇന്നത്തെ പ്രവാചകന്മാർ പ്രവചിച്ച് കലക്കം സൃഷ്ടിക്കുമ്പോൾ, വചനം പറയുന്നു ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ് എന്ന്. അതായത് ഇന്നത്തെ പ്രവചനങ്ങൾ ഒന്നും ദൈവത്തിൽ നിന്നുള്ളതല്ല എന്നാണ്. യോഹന്നാൻ അപ്പൊസ്തോലൻ താൻ കേട്ട ശബ്ദത്തിന്റെ മുൻപിൽ വീണു നമസ്ക്കരിക്കുമ്പോൾ "യേശുവിന്റെ സാക്ഷ്യമുള്ള സഹഭൃത്യനാണ് താൻ എന്നു പറയുന്നു. യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവാണ് എന്നും യോഹന്നാൻ രേഖപ്പെടുത്തുന്നു. (വെളി 19:10) 1 കൊരി 14:31-32 ൽ പറയുന്നതു പ്രകാരം പ്രവചിക്കുന്നവന്റെ ആത്മാവ് അവന്റെ ആത്മാവിനു കീഴടങ്ങിയിരിക്കുന്നു. വെളിപ്പാടിൽ പറയുന്നതു കൂടി ചേർത്തുവച്ചാൽ പ്രവചനത്തിന്റെ ആത്മാവ് സമം പ്രവചിക്കുന്നവന്റെ ആത്മാവ് സമം യേശുക്രിസ്തുവിന്റെ സാക്ഷ്യം എന്നു മാത്രമാണ്. അതായത് പ്രവചിക്കുന്നവൻ യേശുക്രിസ്തുവിന്റെ സാക്ഷ്യമാണ് പ്രവചിക്കുന്നത്. സ്വന്ത തീരുമാനങ്ങളല്ല. അടുത്ത സമയത്ത് ഒരു പ്രവാചകൻ പ്രവചിച്ച് ഒരു പെൺകുട്ടിയുടെ ജീവിതം തകർത്ത കഥ ഞാൻ ഓർക്കുന്നു. അത്തരം വ്യാജപ്രവചനങ്ങൾ ഇക്കാലത്ത് വളരെ വർദ്ധിക്കുന്നുണ്ട്. ആകയാൽ വചനത്തെ വിവേചിച്ച് അറിയാനുള്ള കൃപയ്ക്കായി നാം പ്രാർത്ഥിക്കേണ്ടത് അനിവാര്യമാണ്. (1 കൊരി . 14:1- സംഖ്യ 11:29).

സഭയ്ക്ക് കർത്താവ് നൽകിയ ആത്മീയ വരങ്ങളിൽ ഒന്നാണ് പ്രവചനം. ആത്മീയവരങ്ങളിൽ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും തുല്യ സ്ഥാനം തന്നെ നൽകുന്നു. (എഫെ. 2:20; 1 കൊരി. 12:28). വചനം ദൈവസഭയ്ക്കു നൽകുകയായിരുന്നു പ്രവാചകന്മാരുടെ ജോലി. (അപ്പോ. 15:32); ചിലരിൽ ആ വരം അധികമായി പകർന്നു. (അപ്പൊ 11:28; 15:32; 21:9). പുതിയ നിയമസഭയിലെ പ്രവാചകന്മാർ മിക്കവരും അനേക സ്ഥലങ്ങളിലേക്ക് സഞ്ചരിച്ച് പ്രഭാഷണം നടത്തുകയും സഭകളെ ഉറപ്പിക്കുകയും ചെയ്തിരുന്നു. ദൈവം അവരിലൂടെ പ്രവർത്തിക്കുകയായിരുന്നു. (അപ്പൊ. 13:1) ഇക്കൂട്ടരിൽ ചിലർ ഭാവികാല കാര്യങ്ങൾ പ്രവചിച്ചു. (അപ്പൊ. 11:27,28) അഗബോസ് ഒരു മഹാകാവ്യം പ്രവചിച്ചിരുന്നു. പ്രവചനം അവനവന് സ്വന്ത ഇഷ്ടപ്രകാരം എന്തും പറയാനുള്ളതല്ല എന്നു പൗലോസ് പറയുന്നു (1 തെസ്സ 5:20). പരിശുദ്ധാത്മാവ് നേരിട്ട് നൽകുന്നതാണ് പ്രവചനവരം (മത്തായി 7:22) പഴയനിയമകാലത്തിലെന്നപോലെ ദൈവം കാര്യങ്ങൾ പ്രവചിച്ചിരുന്നു (ലൂക്കോസ് 3:2; വെളി 1:10, 12; അപ്പോ. 10:9,10; മത്തായി 1:20)

പുതിയ നിയമത്തിലെ ഏക പ്രവചനഗ്രന്ഥമാണ് വെളിപ്പാട്. അതിലുള്ള പ്രവചനരേഖകൾ വിചിന്തനം ചെയ്ത് പഠിപ്പിക്കുകയോ, പ്രസംഗിക്കുകയോ ചെയ്യുന്ന ഒരുവനെ 1 കൊരി. 14:31; വെളി 19:10 പ്രകാരം പ്രവചനം പറയുന്നവൻ എന്നോ പ്രവാചകൻ എന്നു പറയുന്നതിൽ തെറ്റില്ല എന്നു സാരം. അതല്ലാതെ നാളെ രോഗം വരും, പരീക്ഷയിൽ തോൽക്കും... എന്നിത്യാദി ബാലിശമായതല്ല വചനപ്രകാരമുള്ള പ്രവചനം. അവ ആത്മനിയന്ത്രണങ്ങളല്ല. ആത്മാവു നിയന്ത്രിക്കുന്നതല്ലെങ്കിൽ ഉറപ്പായും ദുഷ്ട ആത്മാവു തന്നെയാണ് അതിനു പുറകിലുള്ള ശക്തി. അട്ടഹാസങ്ങളിലും, പാട്ടിന്റെ വേഗതയിലും, ഇമ്പകരമാർന്ന നാദവീചിയിലുമല്ല പ്രവചനം ഉണ്ടാ

ശേഷം പേജ് 10 ▶

# വേർപാട് ന്യൂസ്

## എസ്.ബി.എസ്. വയനാടിന് പുതിയ ഭാരവാഹികൾ

**വയനാട് :** ജൂൺ 15 വെള്ളിയാഴ്ച മുൻ പ്രസിഡന്റ് പി.സി. ചെറിയാന്റെ അദ്ധ്യക്ഷതയിൽ കല്പറ്റ ബ്രദറൺ സഭാഹാളിൽ വച്ച് കൂടിയ ജനറൽ ബോഡി മീറ്റിംഗിൽ എസ്.ബി.എസ്. വയനാട് സെന്ററിന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പ്രസിഡന്റ്** : കെ.എം. വിൽസൺ താന്നിക്കൽ
**വൈ. പ്രസിഡന്റ്**: സുവി. ബേബി ഈനാശ് പേരിയ
**സെക്രട്ടറി** : സുവി. റെജി. കെ.ബി. കല്പറ്റ
**ജോ. സെക്രട്ടറി** : ബേബി. കെ.ജി. ചെറുകാട്ടൂർ
**ട്രഷറർ** : സുവി. വർഗ്ഗീസ് പി.കെ. മാങ്ങാട്
**അസ്സി.ട്രഷറർ** : യോഹന്നാൻ ചെറുകാട്ടൂർ
**ഓർഗനൈസർ** : സുവി. അനിൽ എസ്. അമ്പലവയൽ

ഏകദേശം പത്ത് വർഷത്തിലധികമായി എസ്ബിഎസിന്റെ ഒരു മിനി ക്യാമ്പ് സാമ്പത്തിക കുറവു മൂലം നടത്തുവാൻ സാധിച്ചിട്ടില്ല. ഈ വർഷം അത് നടത്തുവാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വരവ് താമസിക്കുന്നു എങ്കിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മീക വളർച്ചയ്ക്കായി ഒരു ഏകദിനമീറ്റിംഗ് സെപ്തംബർ 21 വെള്ളിയാഴ്ച നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. തുടർന്നും വയനാട്ടിലുള്ള എസ്ബിഎസ്-ന്റെ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ.

എന്ന്

സെക്രട്ടറി. സുവി. റെജി.കെ.ബി, കല്പ്പറ്റ
മൊബൈൽ – 9605743185

Reji KB, Kanniyakonil House, Payyampally P.O.,
Karttikulam, Wayanad, Pin 670646

## സുവിശേഷകൻ ബാലസംഘം കുമ്പനാട് സെന്റർ ക്യാമ്പ് 2012

ദൈവഹിതമായാൽ കുമ്പനാട് സെന്റർ ബാലസംഘം സെന്റർ ക്യാമ്പ് 2012 ആഗസ്റ്റ് 26 ഞായർ വൈകുന്നേരം 4 മുതൽ 29 ബുധൻ 1 മണി വരെ പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ വച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ബ്രദർ ഏബ്രഹാം തോമസ്, പുല്ലാട്, ബ്രദർ ബിനു സാമുവേൽ പത്തനംതിട്ട എന്നിവരെ കൂടാതെ മറ്റ് ബാലസംഘം പ്രവർത്തകരും ലീഡേഴ്സായി പങ്കെടുക്കുന്നു. ബ്രദർ ചാക്കോ ഫിലിപ്പ് പുത്തൻകാവ്, (ക്യാമ്പ് കൺവീനർ) ബ്രദർ വർഗ്ഗീസ് മാത്യു അങ്ങാടിക്കൽ സൗത്ത് (ക്യാമ്പ് ട്രഷറർ) ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിനും ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ

SBS Kumbanad Centre
Brother Varkey George (President)
Brother Blesson Thomas (Secretary)
04692754812
9400754812, 9846282219

## സീക്കേഴ്സ് ക്യാമ്പ് : ജാൻസി – ഉത്തർപ്രദേശ്

അളവറ്റ ദൈവകൃപയാലും അനേക വിശ്വാസികളുടെ പ്രാർത്ഥനയുടെയും സഹകരണത്തിന്റെയും ഫലമായി ശുശ്രൂഷകൾ വളരെ അനുഗ്രഹകരമായി തുടരുന്നു. 4 സ്ഥലങ്ങളിൽ നടന്ന വി.ബി.എസ്-ൽ ഏകദേശം 400 കുട്ടികൾ ദൈവവചനം പഠിപ്പാൻ ഇടയായി. ജാൻസി, ശിവപുരി, ജില്ലകളിൽ ഗോസ്പൽ ഔട്ട്റീച്ച് വളരെ അനുഗ്രഹമായി സമാപിച്ചു. ജീവിതത്തിൽ ഒരിക്കൽ പോലും സുവിശേഷം കേട്ടിട്ടില്ലാത്ത ആയിരക്കണക്കിനു ആളുകളോട് രക്ഷയുടെ വചനം അറിയിപ്പാനും ദൈവവചനം വിതരണം ചെയ്യുവാനും ഇടയായി. തുടർന്നുള്ള മാസങ്ങളിൽ , ദാട്ടിയ, ടിക്കംഗ്രഹ്, അശോക് നഗർ, ജാലൂൻ, ലാലിപൂർ, ചിത്തകുട്ട്, ജില്ലകളിൽ നടക്കാനുള്ള ടീം വർക്കിനായി തുടർച്ചയായി പ്രാർത്ഥിച്ചാലും സഹകരിച്ചാലും .

ദൈവഹിതമായാൽ Jhansi, Garhmau, Laxmanpuram Konch സഭകളുടെ ഫാമിലി കോൺഫറൻസും സുവിശേഷ തല്പരർക്കും

ബൈബിൾ കറസ്പോൺഡൻസ് കോഴ്സ് സ്റ്റുഡൻസിനുള്ള സീക്കേഴ്സ് ക്യാമ്പ് , ഒക്ടോബർ 5 മുതൽ 7 വരെ ജാൻസിയിൽ നടക്കും. സുവിശേഷകന്മാരായ നെൽസൺ തോമസ്, ടി. എസ്. കോശി, സ്റ്റീഫൻ ചെറിയാൻ, ബെന്നി ചരലിൽ എന്നിവർ വചനശുശ്രൂഷയ്ക്കും എഡ്വിൻ പോൾ ഗാനശുശ്രൂഷയ്ക്കും ഉണ്ടായിരിക്കും.

വളരെ പ്രയോജനവും സാമ്പത്തിക ചിലവുമുള്ള ശുശ്രൂഷകൾ ആണ്. അതിനാൽ ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. സാമ്പത്തിക കൂട്ടായ്മ തരുവാൻ ആഗ്രഹിക്കുന്നവർ ബിലിവേഴ്സ് ബ്രദറൺ അസംബ്ലിയുടെ പേരിൽ സഭയുടെ വിലാസത്തിൽ അയച്ചാലും.

Believers Brethren Assembly
C/o. Philipose P.P, Gospel Home
196, C.P. Mission Compound
Jhansi - 284003, Uttarpradesh

സഭയ്ക്കുവേണ്ടി

മോഹൻ സിംഗ്, തുളസി മനിഷ്, സുവി. ഫിലിപ്പോസ്, പി.പി.

## സുവി. ഫിലിപ്പ് ജെയിംസിന്റെ പുതിയ വിലാസം

ഫിലിപ്പ് ജെയിംസ് (സുവി.)
കോട്ടയ്ക്കൽ ഹൗസ്
വാൽകുളമ്പ്, കോരഞ്ചിറ – പി.ഒ.,
പിൻ : 678684, പാലക്കാട്

## സുവിശേഷ പ്രവർത്തക സമ്മേളനം

**ചെന്നൈ** : ദൈവഹിതമായാൽ ജിഎഫ്ടിഐയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ഓൾ ഇന്ത്യ വർക്കേഴ്സ് കോൺഫറൻസിന്റെ 18–ാമത് സമ്മേളനം 2012 ഒക്ടോബർ 16–19 വരെ തീയതികളിൽ നടക്കും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന 550–ൽ പരം സഹോദരന്മാർ പങ്കെടുക്കും. സഹോദരന്മാരായ ഹവാർഡ് പീ ബ്ലസ് (യു.കെ.), പോൾ യംഗ് (യു.കെ.), അലൻ വിക്സ് (യു.എസ്.എ), വില്യം യൂൾഡ് (കാനഡ), ഫിൽ ബർനെസ് (കാനഡ), ജോൺ കുര്യൻ (കേരളം) തുടങ്ങിയവർ പ്രധാനസന്ദേശങ്ങൾ നൽകും. ഇംഗ്ലീഷ് മാധ്യമത്തിൽ നടക്കുന്ന ഈ കോൺഫറൻസിനെ ഓർത്തു ദൈവമക്കൾ പ്രാർത്ഥിക്കണമേ.

ക്യാമ്പിൽ ഭക്ഷണത്തിനും താമസത്തിനുമുള്ള ഫീസ് നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് – 044 2555 0598, 044 25550295

## ഫാമിലി കോൺഫ്രൻസ് കണ്ണൂർ

ആലക്കോട് ബ്രദറൺ സഭയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ സഭകളുടെ ഫാമിലി കോൺഫറൻസ് ജൂൺ 29, 30 ജൂലൈ 1 എന്നീ തീയതികളിൽ നടന്നു. ജോൺ കുര്യൻ കോട്ടയം, ജോർജ്ജ് കോശി മൈലപ്ര എന്നിവർ ക്ലാസുകൾ എടുത്തു. 250 ഓളം സഹോദരീ സഹോദരന്മാർ മീറ്റിംഗിൽ സഹകരിച്ചു. ജൂലൈ 1–ാം തീയതി ഞായർ, സമീപ സഭയായ പൂവ്വം, കുറുമാന്തൂർ സഭകളിലെ 4 യുവാക്കളുടെ സ്നാനശുശ്രൂഷ ജോസഫ് ആന്റണി കുടിയാൻമല നിർവ്വഹിച്ചു. തുടർന്ന് പൂവ്വം, മണ്ഡലം, കുറുമാന്തൂർ, ആലക്കോട് എന്നീ സഭകളുടെ സംയുക്ത ആരാധനയും നടന്നു.

ആലക്കോട് സഭയ്ക്കു വേണ്ടി
ഇവാ. വി.എം. മാത്യു

## പത്തനംതിട്ട കൺവൻഷൻ 2012

ദൈവഹിതമായാൽ ഈ വർഷത്തെ പത്തനംതിട്ട കൺവൻഷൻ താഴെ പറയുന്ന സ്ഥലത്തും സമയത്തും നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**സ്ഥലം** : സുവിശേഷാലയം, പത്തനംതിട്ട
**സമയം** : 2012 ഡിസംബർ 23 ഞായർ മുതൽ 30 ഞായർ ഉച്ചയ്ക്ക് 1 മണി വരെ

**പ്രസംഗകർ** :

ഡോ. ഒ.എം. ശമുവേൽ, ഡോ. ജോസഫ് മധുരം, മി. ജോൺ കുര്യൻ, മി. ചാണ്ടപ്പിള്ള ഫിലിപ്പ്, മി. പി.ജി. ജെയിംസ്, മി. റോയി മാത്യു, മി. ജോർജ്ജ് കോശി, മി. ബിനു സാമുവേൽ, മി. എബി. കെ. ജോർജ്ജ്

കെ. ഫിലിപ്പ്, പ്രസിഡന്റ്
എം.റ്റി. ജോർജ്ജ്, സെക്രട്ടറി
ജോൺ തോമസ്,
കൺവൻഷൻ ജനറൽ കൺവീനർ

## കമന്റേഷൻ

**ഇടുക്കി** : ഹൈറേഞ്ചിലെ പ്രധാനപട്ടണങ്ങളിൽ ഒന്നായ അടിമാലിയിൽ കൂടിവരുന്ന വിശ്വാസികളിൽ ഒരാളാണ് റെജിമോൻ മാത്യു. ദൈവവേലയ്ക്കുള്ള വിളി ലഭിച്ചതിനാൽ കുടുംബമായി ദൈവവേലയ്ക്കു സമർപ്പിക്കുകയും, അടിമാലി ടൗണിലെ തന്റെ ബിസിനസ്സ് സ്ഥാപനം നിർത്തുകയും, കുമ്പനാട് ബൈബിൾ സ്കൂളിൽ പഠനം പൂർത്തിയാക്കുകയും ചെയ്തു.

തനിക്ക് ഭാര്യയും 2 മക്കളുമുണ്ട്. ഇപ്പോൾ അടിമാലി ടൗണിലെ ബ്രദറൺ സഭയോടു ചേർന്ന് സുവിശേഷ പ്രവർത്തനങ്ങളിലും മറ്റ് സഭാ ശുശ്രൂഷകളിലും ഹൈറേഞ്ചിലെ വൈ.എം.ഇ.എഫ്. മുതലായ പ്രവർത്തനങ്ങളിലും സജീവമായി സഹകരിച്ചുവരുന്നു.

തന്റെ വേലയ്ക്കുള്ള വിളിയും ശുശ്രൂഷയിലെ ആത്മാർത്ഥതയും സഭയ്ക്ക് ബോദ്ധ്യപ്പെട്ടിരിക്കുകയാൽ സഭ തന്നെ പൂർണ്ണമായ സുവിശേഷകനായി കമന്റ് ചെയ്തിരിക്കുന്നു.

പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി ദൈവജനത്തിന്റെ മുമ്പാകെ തന്നെ പരിചയപ്പെടുത്തുന്നു

വിലാസം :

Rejimon Mathew, Maniyaparambil House, Asif Khan Regency, River Road, Adimali
Adimali P.O., Idukki District - 685561
Phone : 9400169448

സഭയ്ക്കു വേണ്ടി

Ev. P.M. Mathew (Ruby), C.J. Thankachan, Kunchithanni, A.K. Varkey, Adimali, Antony, Chattupura

## ഏകദിനസുവിശേഷ മഹായോഗം

കർത്താവിൽ പ്രിയരെ,

ദൈവഹിതമായാൽ കൊടകര ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിലും മോചനം ഗോസ്പൽ ടീമിന്റെ നേതൃത്വത്തിലും 2012 ആഗസ്റ്റ് 15-ാം തീയതി ബുധനാഴ്ച വൈകിട്ട് 5 മണി മുതൽ 8 മണി വരെ ഇഞ്ചകുണ്ട് പള്ളി സെന്ററിൽ ഏകദിനസുവിശേഷ മഹായോഗം നടത്തുവാൻ ഞങ്ങൾ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ഈ യോഗത്തിൽ സുവി. എം. ആർ. ഷൈജു, സുരധരൻ തൃശ്ശൂർ, തുടങ്ങിയവർ പ്രസംഗിക്കുന്നു.

എന്ന് സംഘാടകർക്കുവേണ്ടി
സുവി. ശശി ഇഞ്ചകുണ്ട്

## മഹത്വത്തിൽ

**റാന്നി:** സഹോ. തോമസ് മാത്യു (90) ജൂൺ 30-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**കൊട്ടാരക്കര** : സഹോ. ശമുവേൽ ജോൺ ജൂൺ 30 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**മുംബൈ** : സഹോ. ജോസ് വർഗ്ഗീസ് ജൂൺ 29 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**അങ്കമാലി** : സഹോദരി ശോശാമ്മ വർഗ്ഗീസ് ജൂൺ 28-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**ന്യൂഡൽഹി** : സഹോ. വി. പൗലോസ് ക്യാൻസർ രോഗത്തെ തുടർന്നു ജൂലൈ 14-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**ചെങ്ങന്നൂർ** : സഹോദരി ഏലിയാമ്മ കോശി (96) ജൂലൈ 15ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

## വൈ.എം. ഇ.എഫ്. ജനറൽ ക്യാമ്പ് ഓഗസ്റ്റ് 27 മുതൽ

**കീഴില്ലം** : ദൈവഹിതമായാൽ വൈ.എം. ഇ.എഫ് ജനറൽ ക്യാമ്പ് 2012 ഓഗസ്റ്റ് 27 -31 വരെ പെനിയേൽ ബൈബിൾ സെമിനാരിയിൽ (കീഴില്ലം) വെച്ച് നടക്കുന്നതാണ്. സഹോദരന്മാരായ തോംസൺ ബി. തോമസ്, ശമുവേൽ ബി. തോമസ്, ജോസ് മാങ്കുടി തുടങ്ങിയവർ ക്ലാസുകളെടുക്കും. ഏകദേശം 600-ഓളം പേർ പങ്കെടുക്കുന്ന ഈ ക്യാമ്പിനെ ഓർത്തു ദൈവമക്കൾ പ്രാർത്ഥിച്ചാലും.


**ഇതിയേൽ** *വാലി*
മിനിസ്ട്രീസ്

**ഇതിയേൽ വാലി ട്രസ്റ്റിന്റെ** ആഭിമുഖ്യത്തിൽ കടമ്മനിട്ട നെടുംചേരിൽ ക്രിസ്റ്റ്യൻ ഹോസ്പിറ്റൽ സർവ്വീസ് സൊസൈറ്റിയുടെ വകയായ സ്ഥലത്ത് ഒരു പുതിയ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചു കൊള്ളുന്നു...

*പ്രവർത്തനങ്ങൾ*

**റിട്രീറ്റ് സെന്റർ, റിട്ടയർമെന്റ് ഹോം, കൗൺസിലിംഗ്, യൂത്ത് ക്യാമ്പ്, ഫാമിലി കോൺഫറൻസ്, കുട്ടികളുടെ താലന്തുകൾ വളർത്തുവാനാവശ്യമായ ട്രയിനിംഗ്...etc**

ഇതിനോട് ബന്ധപ്പെട്ട് ഒരു
***ആഡിയോ ആന്റ് വിഷ്വൽ*** മിനിസ്ട്രിയായ
**"ദി റെഡീംഡ് സോൾസ്"(The Redeemed Souls) കോളേജുകളിലും, ജയിലുകളിലും, പൊതുസ്ഥലങ്ങളിലും പ്രവർത്തിക്കുന്നു.**

നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും നിർദ്ദേശങ്ങളും ക്ഷണിച്ചു കൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക്

**9562211501, 9605710201, 9744012501**
**ithielvalleytrs@gmail.com**

തുടർച്ച പേജ് 06▶

കുന്നത്. അങ്ങിനെയാണെങ്കിൽ ആദിമകാലയള വിലും ഇപ്രകാരം തന്നെയല്ലേ പ്രവചനം ഉണ്ടാ കേണ്ടത്. പക്ഷേ അല്ല. വചനം അതു നമ്മെ പഠി പ്പിക്കുന്നു; നമ്മുടെ ദൈവം കലക്കത്തിന്റെ ദൈവമല്ല. പൗലോസ് പറയുന്നത് പ്രവചനവരം നീങ്ങിപ്പോകും (1 കൊരി. 13:8) എന്ന് നീങ്ങി പ്പോകും? അംശമായി പ്രവചിക്കുന്ന കാല ത്താണ് ഇത് പറഞ്ഞിരിക്കുന്നത്. (1 കൊരി. 13:9) എന്നാൽ പൂർണ്ണമായ പ്രവചനം വരുന്ന കാലഘ ട്ടത്തിൽ ഈ അംശപ്രവചനങ്ങൾ നിന്നു പോകും. എന്നാൽ 'പൂർണ്ണം' എന്നത് എന്താണ് അർത്ഥമാക്കുന്നത്? ചിലർ പറയും പോലെ അത് ക്രിസ്തുവോ അതോ പ്രവചനം അഥവാ വചനമോ?"

1 കൊരി 13:8–10 വരെ 'അത്' എന്ന പദം 5 തവണ ആവർത്തിക്കപ്പെടുന്നുണ്ട്. പ്രവചനവരം, ഭാഷാ വരം, ജ്ഞാനം, പൂർണ്ണമായത്, അംശമായത് എന്നിവയെയാണ് 'അത്' എന്ന് പറഞ്ഞിരിക്കു ന്നത്. ഈ 5 കാര്യങ്ങളിലും പുല്ലിംഗമോ, സ്ത്രീലിംഗമോ അല്ല. അത് എന്നാൽ നപുംസക പദമാണ്. ക്രിസ്തുയേശുവിനെ ഒരിക്കലും ഒരു മനുഷ്യൻ എന്ന നിലയിൽ 'അത്' എന്നു വിളിക്ക യില്ല. ഇവിടെ 'അത്' എന്ന പ്രയോഗം 'വചനം' എന്നോ 'പ്രവചനം' എന്നതിലേക്കോ വെളിച്ചം വീശുന്നു. പ്രവചനവരവും; ജ്ഞാനവും (Passive Voice) ൽ ആണ് പറയുന്നത്. ഭാഷാവരം (Middle Voice) ലും പറയുന്നു. പ്രവചനവരവും ജ്ഞാനവും മറ്റൊന്നിനാൽ (പൂർണ്ണമായത്) മാറ്റ പ്പെടും. ഭാഷാവരം അതിനാൽ തന്നെ അവസാ നിക്കും. 'നീങ്ങിപ്പോകും' എന്നതിന് ഗ്രീക്കുഭാഷ യിൽ 'കറ്റർജിയോ' എന്ന വാക്കിന് , ഉപയോഗമി ല്ലാത്തതാക്കുക; നാമാവശേഷമാക്കുക എന്നാ ണർത്ഥം( റോമ 3:3; 4:14; ഗലാ 3:17; 5:4) ചുരുക്ക ത്തിൽ ഇന്ന് വചനം പൂർണ്ണമാക്കപ്പെട്ടിരിക്കുന്നു (വെളി. 1:20;22:6, 10, 18, 20) ഇനിമേൽ വേറൊരു പ്രവചനം ആവശ്യമില്ല, പ്രവചനവും, പ്രവചനവ രവും അവസാനിച്ചിരിക്കുന്നു. ആകയാൽ ഇന്ന് പ്രവചാകന്മാർ എന്ന ഒരു പ്രത്യേക ഗണം ഇല്ല. നാമെല്ലാം പ്രവാചകഗണമാണ്. വചനത്തിലെ പ്രവചനത്തെ വിചിന്തനം ചെയ്യുവാനല്ലാതെ പുതിയ പ്രവചനവുമായി രംഗത്തെത്തുന്നത് വചനവിരുദ്ധമാണ്. ഏതെല്ലാം നിലയിലുള്ള പ്രലോഭനങ്ങൾ ഇന്നത്തെ പ്രവാചകന്മാർ ഉന്ന യിച്ചാലും നാം അവരെ പേടിക്കരുത്. അനുസരി ക്കരുത്. വചനത്തിലെ പ്രവചനത്തെ ഭയപ്പെടുക. (ആവ. 18:22; 12:11). ചുരുക്കമായി ഇതിൽ രേഖപ്പെ ടുത്തിയെങ്കിലും നാം വചനം പഠിപ്പിക്കേണ്ടത് ഏറ്റവും ആവശ്യമായിരിക്കുന്നു. ആ കുറവാണ് വിപരീത ഉപദേശത്തിങ്കലേക്കു തിരിയാൻ നമ്മെ ഇടയാക്കുന്നത്. അതിനാൽ തന്നെ നമ്മുടെ തല

**വചനത്തിലെ പ്രവചനത്തെ വിചിന്തനം ചെയ്യുവാന ല്ലാതെ പുതിയ പ്രവചനവുമായി രംഗത്തെത്തുന്നത് വചനവിരുദ്ധമാണ്. ഏതെല്ലാം നിലയിലുള്ള പ്രലോഭന ങ്ങൾ ഇന്നത്തെ പ്രവാചകന്മാർ ഉന്നയിച്ചാലും നാം അവരെ പേടിക്കരുത്. അനുസരിക്കരുത്. വചനത്തിലെ പ്രവചനത്തെ ഭയപ്പെടുക.**

മുറ വചനത്തിൽ നിന്നും വ്യതിചലിച്ച് വളരുന്ന ഒരു ദുഃഖകരമായ കാഴ്ച നാം കാണേണ്ടിവരുന്നു. ആക യാൽ ഇന്നു പരക്കുന്ന പുതിയ ഉപദേശങ്ങൾ വചന ത്തോട് ചേർത്ത് വിചിന്തനം ചെയ്യുക. അതു സത്യമോ മിഥ്യയോ എന്ന് പരിശോധിക്കുക. മാത്ര മല്ല പ്രവചനവരവും വാഞ്ചിപ്പിൻ' (1 കൊരി. 14:39) എന്നു പൗലോസ് പറയുന്നതുപോലെ വചനത്തിലെ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന പ്രവചനങ്ങൾ വിചിന്തനം ചെയ്ത് പഠിക്കുവാനും, പഠിപ്പിക്കു വാനുംന ാംവ ാഞ്ചിക്കണം.അ ത്മ റ്റുള്ളവർക്ക് ആത്മീക അഭിവൃദ്ധിക്കു കാരണമാകണം. ചിലർക്ക് വചനം വിചിന്തനം ചെയ്ത് പഠിപ്പിക്കുവാൻ ദൈവം പ്രത്യേക കഴിവ് നൽകിയിരിക്കുന്നു. അവർ അത് കൂടുതലായി ചെയ്യുന്നു. പ്രസംഗത്തിലൂടെയോ, പഠ നത്തിലൂടെയോ സംവാദത്തിലൂടെയോ നാം അത് പഠിക്കുന്നു.

എബ്രാ. 2:1,2 പറയും പോലെ വല്ലപ്പോഴും നാം ഒഴു കിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധ യോടെ കരുതിക്കൊള്ളണം. അതിനായി നാം ശ്രമി ക്കണം, മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കണം. അവിടെ യാണ് നമ്മുടെ കൃപാവരം പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻ നമുക്കു കഴിയുന്നത്. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

## കത്തുകൾ

വേർപാട് മാസിക ലഭിക്കുന്നു. സന്തോഷം. മെയ് ലക്കം വളരെ അനുഗ്രഹമായിരിക്കുന്നു. തുടർന്നും ഈടുറ്റ വിഭവങ്ങൾ പ്രതീക്ഷിക്കുന്നു.

**കെ.ജെ. കോശി, ഇൻഡോർ**

വേർപാട് വാർത്താപത്രികയുടെ പ്രവർത്തന ങ്ങൾ ഒക്കെ ഭംഗിയായി നടക്കുന്നുണ്ടെന്നറി യാം. ഈടുറ്റ ലേഖനങ്ങളും മറ്റും വന്നുകൊണ്ടി രിക്കുന്നതിൽ സന്തോഷം. തുടർന്നും മാസിക യുടെ പ്രവർത്തനങ്ങൾ ശക്തിയുക്തം മുമ്പോട്ടു പോകുവാൻ ദൈവം കൃപ നൽകട്ടെ.

**സുവി. എം.എൻ. ശശി, ഇഞ്ചകുണ്ട്**

# വേർപാട് വിവാഹ വേദി
## Verpad Matrimonial

ബ്രദറൺ സഭാംഗങ്ങളായ യുവതീയുവാക്കൾക്കു തങ്ങളുടെ ജീവിത പങ്കാളികളെ കണ്ടെത്താൻ സഹായിക്കുന്ന പംക്തി. വിവാഹാനുബന്ധമോ, വിവാഹശേഷമോ ഉണ്ടാകുന്ന യാതൊരു വിധ വിഷയങ്ങളിലും 'വേർപാട്' ഉത്തരവാദി ആയിരിക്കില്ല. ആകയാൽ വിശദമായ അന്വേഷണങ്ങൾ കുടുംബങ്ങളും സ്ഥലം സഭകളും നടത്തേണ്ടതാണ്. വിവാഹ ആലോചനകളിൽ വിശ്വസ്തതയും സത്യസന്ധതയും കാത്തു സൂക്ഷിച്ചാൽ മക്കളുടെ കുടുംബജീവിതം സന്തുഷ്ടമാകും.

**Box. No. F 20612**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി 26 വയസ്, 159 സെ.മീ ഉയരം, ഇരുനിറം B. Pharm. ഫാർമസിസ്റ്റായി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ മാതാപിതാക്കന്മാരിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (ഫോൺ : 0481 – 2701263, 9446459263)

**Box. No. F 70612**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി 26 വയസ്, 5 അടി ഉയരം, ഇരുനിറം, എസ്.എസ്.എൽ.സി. വിദ്യാഭ്യാസം. ദത്തു നിൽക്കാൻ താല്പര്യമുള്ള ബ്രദറൺ യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്നും ആലോചകൾ ക്ഷണിക്കുന്നു. (ഫോൺ : 0464– 2689239, 9947955126)

**Box. No. M 30512**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 30 വയസ്, 165 സെ.മീ ഉയരം, ഇരുനിറം ബി.എസ്.സി മൈക്രോബയോളജി, ഫാർമസി അസിസ്റ്റന്റായി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (ഫോൺ : 0469 2615467)

**Box. No. F 170612**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി 24 വയസ്, വെളുത്ത നിറം, M.Tech., 5 അടി. ഉയരം അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (0471–3043232)

**Box No. M15512**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിലുള്ള യുവാവ് 26 വയസ്സ്, 5.8 ഉയരം, വെളുത്ത നിറം ജനറൽ നഴ്സായി ജോലി ചെയ്യുന്നതിനോടൊപ്പം ബി.എസ്.സി. നഴ്സിംഗ് പഠിക്കുകയും ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിലുള്ള നഴ്സിംഗ് ജോലിയുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (04735 264570)

**Box No. F180712**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാകൂട്ടായ്മയിലുള്ള യുവതി 31 വയസ്, 5.5 അടി (166.5 സെ.മി) ഉയരം, വെളുത്ത നിറം ഗൾഫിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

(+91 9037938082, +91 9447104099)

# യോശുവ

ബൈബിൾ സ്റ്റഡി




യോശുവ എന്ന വ്യക്തി പ്രഭാവത്തെ എടുത്തു കാണിക്കുന്ന ഒരു പുസ്തകമാണിത് (24:26) തന്റെ പ്രവർത്തനരീതികളെയും ജീവിതത്തെയും അടുത്തറിഞ്ഞ വ്യക്തി എഴുതിയതാകാം ഈ പുസ്തകം.

മിസ്രയീം അടിമത്വത്തിൽ നിന്നും യിസ്രായേൽ ജനം പുറപ്പെടുമ്പോൾ മോശയോടൊപ്പം ചേർന്നു നിന്ന യുവാവ്. പിന്നീട് മോശയ്ക്കു സഹായിയായി പ്രവർത്തിച്ചു. കനാൻ ദേശം ഒറ്റു നോക്കുവാൻ കാലേബിനോടൊപ്പം ഉറച്ചു നിന്നു തന്റെ ധൈര്യവും വിശ്വസ്തതയും താൻ തെളിയിച്ചു. കനാൻ ദേശത്തു പ്രവേശിച്ച് തന്റെ 110–ാം വയസ്സിൽ ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു.

**ഉദ്ദേശം** : ദൈവം തന്റെ ജനത്തെ വാഗ്ദത്ത നാട്ടിലേക്ക് കൊണ്ടു വന്നതിന്റെ കൃത്യമായ വിവരം നൽകുന്നു. (1:11)

**പ്രധാനസന്ദേശങ്ങൾ**

1. ദൈവത്തിന്റെ വാഗ്ദത്തം (പുറ 6:4; ആവ. 3:27; യോശു 23:14)
2. ദൈവത്തിന്റെ ഇഷ്ടം (13:1; 18:3)
3. ദൈവിക കരുതൽ (1:2; 6:16 ; 10:8)
4. ദൈവത്തിന്റെ ശക്തി ( 3:7–17; 10:12)

**രേഖാരൂപം**

1. വാഗ്ദത്ത നാട്ടിലേക്കുള്ള പ്രവേശനം – 1:1–5:12
2. വാഗ്ദത്ത നാടിനെ കൈവശപ്പെടുത്തൽ 5:13 – 12:24
3. വാഗ്ദത്ത നാട്ടിലെ ക്രമീകരണങ്ങൾ 13:1–22 : 34
4. വാഗ്ദത്ത നാട്ടിൽ നിന്നുള്ള വിടവാങ്ങൽ 23:1–24:33

**എഴുതിയ കാലയളവ്**

ഏകദേശം ബി.സി. 1399

**പ്രധാനവ്യക്തികൾ**

യോശുവ, രാഹാബ്, ആഖാൻ, എലയാസർ, ഫിനെഹാസ്

ദൈവിക കരുതലും അനുസരണക്കേടിനുള്ള ശിക്ഷകളും ഏറ്റുവാങ്ങി കനാൻ നാട്ടിലെത്തിയ, യിസ്രായേല്യരിൽ യോശുവയുടെയും കുടുംബത്തിന്റെയും ആത്മീക ദർശനവും സമർപ്പണവും നിഴലിച്ചു കാണുന്നു. ദൈവിക അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ ദൈവത്തെ മറന്നുപോകാനുള്ള സാധ്യതയുണ്ടെന്നും അതിനെ അതിജീവിച്ചു മുന്നേറണമെന്നുള്ള സന്ദേശം ഈ പുസ്തകം നമുക്കു നൽകുന്നു.

## വൈ.എം.ഇ. എഫ് പാലക്കാട് യൂണിറ്റ്

**ചേറുംകുളം** : ദൈവഹിതമായാൽ പാലക്കാട് വൈ.എം.ഇ.എഫ് യൂണിറ്റിന്റെ ഒരു ഏകദിന സമ്മേളനം ഈ ജില്ലയിലെ സഹോദരി സഹോദരന്മാർക്കായി 2012 ഓഗസ്റ്റ് 11–ാം തീയതി (ശനിയാഴ്ച) രാവിലെ 10.30 മുതൽ 3.30 വരെ ചേറുംകുളം സഭാഹാളിൽ വച്ച് നടത്തപ്പെടുന്നു. ഈ സമ്മേളനത്തിൽ കർത്തൃദാസൻ ജോസഫ് രാജൻ കോയമ്പത്തൂർ കുടുംബജീവിതത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ എടുക്കുന്നതാണ്. കൂടാതെ 2012 ഒക്ടോബർ മാസം 22–ാം തീയതി മുതൽ 25–ാം തീയതി വരെ പാലക്കാട് ജില്ലയിലെ വൈ.എം.ഇ.എഫ്. യൂണിറ്റിന്റെയും വാണിയകുളം ബ്രദറൺ സഭയുടെ നേതൃത്വത്തിലും കുടുംബങ്ങൾക്കായും, കുട്ടികൾക്കായും, യുവതിയുവാക്കന്മാർക്കായും പ്രത്യേക കോൺഫറൻസ് നടത്തപ്പെടുന്നു. ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിലപേക്ഷിക്കുന്നു.

എന്ന് പാലക്കാട്
വൈ.എം.ഇ.എഫ്. യൂണിറ്റിനു വേണ്ടി സെക്രട്ടറി
**സുവി. സാമുവൽ പി. അബ്രഹാം** കോട്ടേക്കുളം

കർത്തൃശുശ്രൂഷകൻ

# അന്വേഷിച്ചു ! കണ്ടെത്തി
# എൻ രക്ഷാനായകനെ



**സുവി. ഉണ്ണി ബാലഗോപാൽ**

എന്റെ പേര് ഉണ്ണി ബാലഗോപാൽ. കോട്ടയം ജില്ലയിലെ വൈക്കം എന്ന സ്ഥലത്ത് ഒരു യാഥാസ്ഥിതിക ഹൈന്ദവകുടുംബത്തിലാണ് ഞാൻ ജനിച്ച് വളർത്തപ്പെട്ടത്. ഞാൻ ബാലനായിരിക്കുമ്പോൾ തന്നെ എന്റെ അച്ഛനും അമ്മയും മരിച്ചു. എന്റെ ചേച്ചിയോടും കുടുംബത്തോടുമൊപ്പമാണ് ഞാൻ പിന്നീടുള്ള നാളുകൾ കഴിച്ചു കൂട്ടിയത്. പ്രീ-ഡിഗ്രി പഠനത്തിനു ശേഷം ഗൾഫിൽ ഒരു ജോലി തേടി പോയി. 7 വർഷത്തോളം ബഹ്റൈനിൽ ജോലി ചെയ്തു. അവിടെ ജോലിയോടുള്ള ബന്ധത്തിൽ വന്ന ഒരു സൗത്ത് ആഫ്രിക്കൻ ദമ്പതിമാരുമായി അടുപ്പത്തിലായി. അവർ ക്രിസ്ത്യാനികളായിരുന്നു. അവർ എന്നെ കാണുമ്പോഴൊക്കെ യേശു താങ്കളെ സ്നേഹിക്കുന്നു (Jesus loves you) എന്നു പറയുമായിരുന്നു. ഏതൊരു ഹൈന്ദവ മത വിശ്വാസിയെയും പോലെ ഞാനതു ചിരിച്ചു തള്ളി. ജോലിത്തിരക്കിൽ വർഷങ്ങൾ വേഗം കടന്നുപോയി. ഞാൻ ജോലി ഉപേക്ഷിച്ചു നാട്ടിലേക്കു മടങ്ങി. തുടർന്നു രമ എന്ന യുവതിയെ വിവാഹം കഴിച്ചു. നാട്ടിൽ സ്വന്തമായി ഒരു ബിസിനസ് തുടങ്ങി. ബിസിനസ് നല്ല നിലയിൽ നടന്നു. ഈ അവസരത്തിൽ രണ്ടു സുവിശേഷപ്രവർത്തകർ എന്റെ അടുക്കൽ വരികയും യേശുവിലൂടെയുള്ള രക്ഷയെക്കുറിച്ചു പറഞ്ഞു തരികയും ചെയ്തു. വൈക്കത്ത് സുവിശേഷപ്രവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന സഹോ. പി.വി ജോസഫും (അപ്പച്ചൻ) എസ്. സുരേഷുമായിരുന്നു അവർ. അവർ സുവിശേഷം വ്യക്തമായി പറഞ്ഞുവെങ്കിലും ഞാനതിന്നു അത്ര പ്രാധാന്യം നൽകിയില്ല. എന്റെ വിശ്വാസാചാരങ്ങളിൽ ഞാൻ ഉറച്ചു നിന്നു. വൈക്കം ക്ഷേത്രവും ആചാരാനുഷ്ഠാനങ്ങളും ഹൈന്ദവനായിരുന്ന എനിക്ക് അഭിമാനമായിരുന്നു.

എന്നാൽ ഒരു വർഷം കഴിഞ്ഞപ്പോഴേക്കും എന്റെ ബിസിനസ് തകർന്നു തുടങ്ങി. കഷ്ടനഷ്ടങ്ങളും സാമ്പത്തിക ബാധ്യതയും പെരുകി. കടക്കെണിയിൽ നിന്നും കരകയറുവാൻ ബ്ലേഡുകാരെ ആശ്രയിച്ച ഞാൻ അനുദിനം കടക്കെണിയിൽ ആണ്ടുപൊയ്ക്കൊണ്ടിരുന്നു. എനിക്ക് സ്വന്തമായുണ്ടായിരുന്ന വാഹനവും സ്ഥലവും നഷ്ടപ്പെട്ടു. ആകെ തകർന്ന ഞാൻ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. വഴിപാടുകൾ നടത്തിയെങ്കിലും അല്പം പോലും ആശ്വാസം ലഭിച്ചില്ല. സ്നേഹിതരെല്ലാം കൈവിട്ടു. ഒരാളും സഹായത്തിനു വന്നില്ല. ഞാനാകെ തളർന്നു. ഒന്നു മരിച്ചെങ്കിൽ എന്നു ആത്മാർത്ഥമായി ആഗ്രഹിച്ചു. ആത്മഹത്യ ചെയ്യാമെന്നു ചിന്തിച്ചു ചുവടു വെയ്ക്കുമ്പോൾ നിസഹായരായ ഭാര്യയുടെയും കുഞ്ഞിന്റെയും മുഖം മുൻപിൽ തെളിയും. കടം കാരണം വെളിയിലിറങ്ങി നടക്കാനും സാധിക്കില്ല. മാനസികമായി ഞാൻ തകർന്നു തുടങ്ങി. ഭാര്യയുടെ വീട്ടിൽ ചെന്നു ആശ്രിതനായി താമസിക്കേണ്ടി വന്ന എന്റെ മാനസിക പിരിമുറുക്കം ആർക്കും മനസ്സിലാക്കുവാൻ സാധിക്കുന്നതിലും അധികമായിരുന്നു. എന്റെ പ്രശ്നങ്ങൾ ആരോടെങ്കിലും ഒന്നു പറയുവാൻ സാധിച്ചെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു. എന്നാൽ എന്നെ കേൾക്കുവാൻ മനസ്സുള്ള ആരെയും ഞാൻ കണ്ടില്ല.

അങ്ങനെ നിരാശയുടെ പടുകുഴിയിൽ വീണു തകർന്നിരുന്ന എനിക്ക് ഒരു പുതിയ നിയമം (New Testament) ലഭിച്ചു. എന്റെ സഹോദരിയുടെ മകന് എവിടെ നിന്നോ ലഭിച്ചതാണ്. അതു വെറുതെ ഒന്നു മറിച്ചു നോക്കാമെന്നു ചിന്തിച്ചു. തുറന്നു. ആ പുസ്തകത്തിന്റെ അവസാനപേജുകളിൽ പറഞ്ഞിരിക്കുന്ന ചില വാക്യങ്ങൾ എന്റെ ശ്രദ്ധയിൽ പതിഞ്ഞു. എങ്കിലും അതിന്റെ അർത്ഥവും ആശയവും എനിക്ക് മനസ്സിലായില്ല. അങ്ങനെയിരിക്കെ എന്റെ കയ്യിലുണ്ടായിരുന്ന ചെറിയ റേഡിയോ ട്യൂൺ ചെയ്തപ്പോൾ സങ്കീർത്തനം 34:18 എന്റെ കാതുകളിൽ പതിഞ്ഞു. “ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ. മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു.” ഇത്രയുമായപ്പോൾ യേശുവിനെകുറിച്ചും ബൈബിളിനെകുറിച്ചും കൂടുതൽ അറിയണമെന്ന ആഗ്രഹം എന്നിൽ ഉണ്ടായി.

അങ്ങനെ യേശുവിനെ തേടി ഞാനിറങ്ങി. ധ്യാന കേന്ദ്രങ്ങളിൽ പോയാലോ എന്നു ചിന്തിച്ചു. എന്നാൽ മുൻപു എന്നെ കാണുവാൻ വന്ന രണ്ട് സുവിശേഷ പ്രവർത്തകരെ കുറിച്ച് എനിക്ക് ഓർമ്മ വരികയും അവരിൽ എനിക്ക് അടുത്ത് താമസിക്കുന്നസ ുരേഷ്എ ന്നസ ഹോദരന്റെവ ീട് അന്വേഷിച്ച് കണ്ടുപിടിക്കുകയും ചെയ്തു. ഞാൻ വലിയ പ്രശ്നത്തിൽ അകപ്പെട്ടിരിക്കുകയാണെന്നും നിങ്ങൾ പറയുന്ന യേശുവിന് എന്നെ രക്ഷിക്കുവാൻ കഴിയുമോ എന്നും ഞാൻ അദ്ദേഹത്തോട് ചോദിച്ചു. യേശുവിനു പരിഹരിക്കുവാൻ കഴിയാത്ത പ്രശ്നങ്ങൾ ഒന്നുമില്ലെന്നും വിശ്വസിച്ചാൽ താങ്കൾക്ക് അതു അനുഭവിച്ചറിയാമെന്നും അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ എന്റെ അവസ്ഥ ആ സുവിശേഷകനോട് തുറന്നു പറഞ്ഞു. അദ്ദേഹം വളരെ ക്ഷമയോടെ കേൾക്കുവാൻ മനസ്സു വെച്ചപ്പോൾ തന്നെ എന്റെ മനസ്സിനു വലിയ ആശ്വാസമായി. യേശുവിന് എന്നെ വിടുവിക്കാൻ കഴിയുമെന്ന വിശ്വാസം എന്നിലുണ്ടായി. തുടർന്നു സുവിശേഷം കുറച്ച് കൂടി വ്യക്തമായി അദ്ദേഹം എന്നോട് പറഞ്ഞു. അന്നു (2001 ജൂൺ 12 നു) ഞാൻ യേശുവിനെഎന്റെ ഏക രക്ഷകനും കർത്താവുമായി സ്വീകരിച്ചു. ആകെ തകർന്നിരുന്ന എന്റെ മനസ്സിൽ സന്തോഷവും സമാധാനവും നിറഞ്ഞു. യേശുവിലുള്ള വിശ്വാസത്തിൽ ഞാൻ ചുവടുകൾ വെച്ചു. ക്രമേണ എന്റെ ബാധ്യതകൾ ഓരോന്നായി ഒഴിവായി. പലിശക്കാർ പലിശ വേണ്ട എന്നു പറഞ്ഞ് സഹകരിച്ചു. ഞാൻ കണ്ടെത്തിയ യേശു എത്ര നല്ലവൻ എന്നു രുചിച്ചറിയുവാൻ എനിക്ക് ഇടയായിക്കൊണ്ടിരുന്നു.

തുടർന്നു ഞാൻ സുരേഷ് സഹോദരനെ കൂടെക്കൂടെ കാണുകയും ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുകയും വചനം പഠിക്കുകയും ചെയ്തു. സത്യദൈവത്തെ ആരാധിക്കുന്നതു കാണുവാൻ അദ്ദേഹം എന്നെ ക്ഷണിച്ചു. അവരുടെ ആരാധനാ രീതി എനിക്ക് വളരെ ഇഷ്ടമായി. ദൈവസാന്നിധ്യവും കരുതലും ആത്മീക കൂട്ടായ്മയും എനിക്കു ലഭിച്ചു. വൈക്കം സഭയിലെ ദൈവമക്കളുടെ സ്നേഹവും കരുതലും എന്നെ പുതിയ ഒരു അനുഭവത്തിലേക്ക് നടത്തി. തുടർന്നു 2001 നവംബർ 4 നു കർത്താവിനെ ജലത്തിൽ സാക്ഷിക്കുവാനും എനിക്ക് ഇടയായി.

ക്രിസ്തുവിൽ ഞാൻ സമാധാനവും രക്ഷയും ആശ്രയവും കണ്ടെത്തി. എന്റെ ഭാര്യ രമയ്ക്ക് അത് ഉൾകൊള്ളുവാൻ സാധിച്ചില്ല. യേശുവിനെ തള്ളിക്കളയാതെ എന്റെ കൂടെ താമസിക്കാനാവില്ല എന്നു അവൾ തീർത്തു പറഞ്ഞു. അങ്ങനെ ഞാൻ വീടു വിട്ടിറങ്ങേണ്ടിവന്നു . ദൈവം തന്റെ മക്കളുടെ വീടുകളിൽ എനിക്ക് അഭയം തന്നു. ഞാൻ



രമ



അനൂപ്

പല സന്ദർഭങ്ങളിൽ ഭാര്യയോട് സംസാരിച്ചെങ്കിലും അവൾ എന്റെ വിശ്വാസത്തെ പ്രതി വേറിട്ട് ജീവിച്ചു. കഴിഞ്ഞ 11 വർഷങ്ങളായി ഞാൻ അവൾക്കും കുഞ്ഞിനും വേണ്ടി പ്രാർത്ഥിക്കുന്നു. അവർ ഇരുവരും കർത്താവിങ്കലേക്ക് വരും എന്നു ഞാൻ ആശിക്കുന്നു. എന്റെ ഭാര്യ രമയെയും മകൻ അനൂപിനെയും ഓർത്ത് ദൈവമക്കൾ പ്രത്യേകം പ്രാർത്ഥിക്കണമേ.

വൈക്കം സഭയോടുള്ള ബന്ധത്തിൽ കർത്താവിനെ ആരാധിച്ചു വരുന്നു. 2003 ഏപ്രിൽ 20-നു കർത്താവ് തന്റെ വേലയ്ക്കായി നിയോഗിക്കുന്നതായ ഒരു ബോധ്യം ലഭിച്ചു. തുടർന്നു 2004-05 വർഷത്തിൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ചേർന്നു വചനം പഠിക്കുന്നതിനുള്ള ഭാഗ്യവും ലഭിച്ചു. പഠന ശേഷം മടങ്ങി വന്നു സഭയോട് ചേർന്നു പ്രവർത്തിച്ചു. 2007ൽ കോട്ടയം ജില്ലയിലെ കല്ലറ എന്ന സ്ഥലം തിരഞ്ഞെടുത്ത് സഭാസ്ഥാപനം എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. എറണാകുളം, കോട്ടയം ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാരോട് ചേർന്നു പ്രവർത്തിക്കാനും കർത്താവ് ഇടയാക്കുന്നു.

ദൈവം എന്നെ നടത്തിയ വഴികളും വിധങ്ങളും അതിശയകരമാണ്. വിശ്വാസത്തെപ്രതി വീടും നാടും വിടേണ്ടിവന്നെങ്കിലും വാക്കു മാറാത്ത കർത്താവിന്റെ കരുതൽ അടുത്തറിയുവാൻ ഭാഗ്യം ലഭിച്ചു. എന്റെ ഭാര്യയുടെ സമീപനത്തിൽ അടുത്ത കാലത്തായി അല്പം അയവു വന്ന് തുടങ്ങിയിട്ടുണ്ട്. എന്റെ ഭാര്യയും മകനും ഒന്നിച്ച് കർത്താവിനെ ആരാധിക്കുന്ന ഒരു സുദിനം! അതാണെന്റെ അന്തരംഗത്തിലെ ആഗ്രഹങ്ങളിൽ ഏറ്റവും വലിയതു. കുടുംബമായി കർത്താവിനെ സേവിക്കാൻ ഒരു ദിവസം കർത്താവ് അനുവദിച്ചു തരും എന്നു ഞാൻ വിശ്വസിക്കുന്നു.

എന്റെ കുടുംബത്തെയും, കല്ലറ, പ്രാവട്ടം തുടങ്ങിയ സ്ഥലങ്ങളിൽ ചെയ്യുന്ന പ്രവർത്തനങ്ങളെയും ദൈവമക്കൾ പ്രാർത്ഥനയിൽ ഓർക്കണമേ.

Unni Balagopal, Arrackal House
Valachira,Kaduthuruthy P.O., Kottayam - 686604

# വേർപാട് ക്വിസ്



## ആവർത്തന പുസ്തകം 1–17

**ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം എല്ലാ മാസവും 30 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഓരോ ലക്കവും ഓരോ പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ നൽകുന്നു. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.**

1. ഒരു മനുഷ്യൻ തന്റെ മകനെ ശിക്ഷിച്ചു വളർത്തുന്നതുപോലെ യഹോവ ശിക്ഷിച്ചു വളർത്തിയത് ആരെയാണ്? ആ കാര്യം നീ എന്ത് ചെയ്യേണം?
2. ഇരുമ്പു കൊണ്ടുള്ള മഞ്ചം ഉണ്ടായിരുന്നത് ആർക്കാണ്?
3. യിസ്രായേലിലെ ഒരു രാജാവിന് എന്തൊക്കെ കാര്യങ്ങൾ പാടില്ല?
4. തേനീച്ചയെപ്പോലെയ ിസ്രായേൽമ ക്കളെപ ിന്തുടർന്ന താര്?
5. അതിനോട് കൂട്ടരുത് അതിൽ നിന്ന് കുറെക്കയും അരുത് എന്നു പറഞ്ഞിരിക്കുന്നത് എന്തിനെക്കുറിച്ചാണ്?
6. നിന്റെ ദൈവമായ യഹോവയ്ക്ക് വെറുപ്പ് എന്താണ്?
7. മോശെ ആദ്യത്തെ പലക എന്തു ചെയ്തു? രണ്ടാമത്തെ പലക എവിടെയാണ് വച്ചത്?
8. മിസ്രയീമിൽ നിന്ന് പുറപ്പെട്ടവരിൽ കാലേബും യോശുവയും ഒഴികെയുള്ളവർ മരിച്ചുപോയത് എത്ര സംവത്സരം കൊണ്ടാണ്?
9. പട്ടണ വാതിലിനു പുറത്തുകൊണ്ട് പോയി കല്ലെറിഞ്ഞു കൊല്ലേണ്ടതാരെയാണ്?
10. ആരാണ് കല്പലകയിൽ എഴുതിയത്? എത്ര കല്പലകയുണ്ടായിരുന്നു.
11. എത്രാമത്തെ വർഷമാണ് അടിമയെ സ്വതന്ത്രനായി വിടേണ്ടത്? സ്വതന്ത്രമായി പോകാൻ ഇഷ്ടമില്ലാത്ത അടിമയെ എന്തു ചെയ്യണം?
12. യഹോവയുടെ സന്നിധിയിൽ 40 രാവും 40 പകലും വീണു കിടന്നത് ആര് ? എന്തിനാണ് വീണു കിടന്നത്.

**അയയ്ക്കേണ്ട വിലാസം :**

**Quiz Master,** Anand Villa,143, Maveli Nagar ,
Cochin University P.O., Ernakulam 682 022

### സംഖ്യാ (1–18) പുസ്തകത്തിന്റെ ഉത്തരം

1. നാസീർ വ്യതം സംഖ്യ 6:1–5.
2. അഹരോന്റെ തളിർത്ത വടി, സംഖ്യ 17:10.
3. ലേവ്യർ 18: 26.
4. സീനായ് മരുഭൂമിയിൽ 1:19
   603550 1:46.
   ലേവ്യരുടെ എണ്ണം എടുത്തില്ല 1:47, 2:32–33
5. സീനായ് മരുഭൂമിയിൽ 9:1–5.
6. 2 വെള്ളികാഹളം 10 : 2.
   യിസ്രായേലിലെ സഹസ്രാധിപന്മാരായ പ്രഭുക്കന്മാർ 11: 1 –3.
7. തബേര 11:1–3. പിറുപിറുപ്പ് കാരണം.
8. യഹോവേ എഴുന്നേൽക്കണമെ നിന്റെ ശത്രുക്കൾ ചിതറുകയും നിന്നെ പകെക്കുന്നവർ നിന്റെ മുമ്പിൽ നിന്നു ഓടിപ്പോകയും ചെയ്യട്ടെ. 10:35.
9. 40 ദിവസം , മുന്തിരിക്കുല, മാതളപ്പഴം, അത്തിപ്പഴം 13:23–25.
10. മോശെ 12 : 23
11. യെഫുന്നയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും 14: 29.
12. യഹോവയുടെ തീ ദഹിപ്പിച്ചവരുടെ (250 പേരുടെ) ധൂപകലശങ്ങൾ കൊണ്ട് 16:35–40.

### എല്ലാം ശരിയാക്കിയവർ

1. ഗ്രേസി ആന്റണി, കർണ്ണാടക
2. മേഴ്സി സാമുവൽ, മഴുക്കീർ
3. അന്നമ്മ ജോയി, കലഞ്ഞൂർ
4. മൈക്കിൾ അബ്രഹാം, കൊച്ചി
5. ജിബിൻ ബില്ലി പോൾ, പോത്താനിക്കാട്
6. കെസിയ ജോർജ്ജ്, തിരുവനന്തപുരം
7. ദിവ്യ ജോസ് ടി. മഞ്ഞപ്ര
8. സുനി ഷാജി, ദാമൻ
9. മേരി കളമശ്ശേരി
10. ലിൻസി ബിബിൻ കളമശ്ശേരി
11. ശാന്തമ്മ ജോയി, കളമശ്ശേരി
12. എലിസബത്ത് സാം, കളമശ്ശേരി
13. ബേബി കുരിയാക്കോസ്, കടമറ്റം
14. മോളി തങ്കച്ചൻ, തൃപ്പൂണിത്തുറ
15. എലിസബത്ത് ഷൈജു, തൃശ്ശൂർ
16. അമ്മിണി ജോർജ്ജ്, പുന്നവേലി
17. ജെയ്ൻ മാത്യുസ്, പാലക്കാട്
18. പി.കെ. ജോർജ്ജ്കുട്ടി, വാളകം
19. ഗ്രേസി ജോസ്, ഈസ്റ്റ് ഫോർട്ട്
20. ഷീജ ജയൻ, മുളന്തുരുത്തി
21. മറിയാമ്മ തോമസ്, കുന്നന്താനം
22. റോസമ്മ തോമസ്, തടിയൂർ
23. ഗ്രേസി ആൽബർട്ട്, പാലിയേക്കര
24. മേരി എൻ.വി., പുന്നവേലി
25. ജയ്നമ്മ മാത്യു, കുട്ടപ്പുഴ
26. സുജ ജെയിംസ്, വാളകം
27. എലിസബത്ത് ജോസഫ്, തിരുവല്ല

തുടർച്ച പേജ് 02▶

പ്പെടുത്തിയിരിക്കുന്നത് (റോമ. 5:12-19). കാരണം മനുഷ്യവർഗ്ഗത്തിന്റെ അധികാരസ്ഥാനം ആദാമിനായിരുന്നു. പാപം ആദാമിലൂടെ സകല മനുഷ്യരിലും പരന്നു. ഹവ്വയുടെ അനുസരണക്കേടു മൂലം ആദാമിൽ നിന്നുള്ള പിൻതുടർച്ച എന്ന നിലയിൽ അവൾക്കു മാത്രമേ മരണം സംഭവിച്ചുള്ളു. എന്നാൽ ആദാമിന്റെ അനുസരണക്കേടു മൂലം അവനിൽ നിന്നും ഉത്ഭവിച്ച സകല മനുഷ്യർക്കും മരണം ഉണ്ടായി. സാത്താൻ പുരുഷനെ മറികടന്ന് സ്ത്രീയെ സ്വാധീനിക്കുകയും വഴിതെറ്റിക്കുകയും ചെയ്തു. ദൈവകല്പനയെ ലംഘിച്ച ഹവ്വ സർപ്പത്തിന്റെ പ്രലോഭനത്തെക്കുറിച്ച് ഭർത്താവിനോട് ആലോചിക്കാതെ സ്വതന്ത്രമായി പ്രവർത്തിച്ചതു കൊണ്ട് വഞ്ചിക്കപ്പെട്ടു. സ്ത്രീകൾക്കുമേൽ നേതൃത്വം ആവശ്യമാണെന്നുള്ള സത്യം ഇത് വ്യക്തമാക്കുന്നു.

1 കൊരി 11:3ൽ പുരുഷൻ ക്രിസ്തുവിനും, സ്ത്രീ പുരുഷനും, ക്രിസ്തു ദൈവത്തിനും കീഴ്പ്പെട്ടിരിക്കുന്നുവെന്ന് പൗലോസ് പ്രസ്താവിച്ചിരിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് വിശുദ്ധ ത്രിത്വത്തിലെ മൂവരുടേയും അധികാരവുമായി ബന്ധപ്പെടുത്തിയിരിക്കുന്നതിനാൽ അവിടെ പ്രസ്താവിച്ചിരിക്കുന്ന ബന്ധം വെറും സാംസ്ക്കാരികമല്ല എന്ന് വ്യക്തമാക്കുന്നു.

7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് പുരുഷനോടുള്ള സ്ത്രീയുടെ വിധേയത്വത്തെക്കുറിച്ച് സൃഷ്ടിയോടനുബന്ധിച്ച് പറഞ്ഞിരിക്കുന്നതിനാൽ അത് പൗലൊസിന്റെ കാലത്തല്ല, എക്കാലത്തേയ്ക്കുമുള്ള ഒരു കല്പനയായിട്ടാണിരിക്കുന്നത്. പുരുഷന്റെ അഗ്രഗാമിത്വവും സ്ത്രീയുടെ വിധേയത്വവും ആദി മുതൽ ദൈവത്തിന്റെ സൃഷ്ടിയിലുള്ള ക്രമമായിരുന്നു. സ്ത്രീ പുരുഷന്റെ തേജസ്സായിരിക്കുന്നപോൾ പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകുന്നതിനാൽ പുരുഷനെ ദൈവത്തിന്റെ പ്രതിനിധിയായി അധികാരത്തോടെ വാഴുവാൻ നിയമിച്ചിരിക്കുന്നു. പുരുഷന്റെ തല മൂടാത്തത് ഈ സത്യത്തിന്റെ നിശബ്ദമായ വെളിപ്പെടുത്തലാണ്. സ്ത്രീയെ പുരുഷനെപ്പോലെ തലയാക്കി വെച്ചിട്ടില്ല, പകരം അവൾ പുരുഷന്റെ തേജസ്സു മാത്രമാണ്.

മൂടുപടം (head covering) പുറമെയുള്ള പ്രതീകമായതിനാൽ അകമെയുള്ള ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥ പുറമെ പ്രതിഫലിക്കുമ്പോഴാണ് സ്ത്രീയുടെ തലയിലെ മൂടുപടത്തിന് അർത്ഥമുണ്ടാകുന്നത്. പുരുഷന് വിധേയപ്പെടാതെ ഒരു സ്ത്രീ തല മൂടുന്നതുകൊണ്ട് അർത്ഥമില്ല. ഹൃദയത്തിന്റെ അവസ്ഥ എങ്ങനെയിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത് . 7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ പുരുഷനോടുള്ള സ്ത്രീയുടെ വിധേയത്വത്തെക്കുറിച്ച് സൃഷ്ടിയോടു ബന്ധപ്പെടുത്തി പറയുന്നു. ഇതിൽ നിന്നും സ്ത്രീ തല മൂടുന്നത് ആ കാലത്തെ ഒരു ആചാരമല്ലെന്ന് പൗലൊസ് വ്യക്തമാക്കുന്നു.

**പുരുഷന് വിധേയപ്പെടാതെ ഒരു സ്ത്രീ തല മൂടുന്നതുകൊണ്ട് അർത്ഥമില്ല. ഹൃദയത്തിന്റെ അവസ്ഥ എങ്ങനെയിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത് .**

**സംജ്ഞാശാസ്ത്രം (Terminology) 'പുരുഷനും' 'സ്ത്രീയും'**

വിധേയത്വം എന്നത് നമ്മുടെ വിശകലത്തിനു വിധേയമാക്കുന്നതിനു മുമ്പായി 'പുരുഷൻ', 'സ്ത്രീ' എന്നീ പദങ്ങൾ നമ്മുടെ ചിന്തയ്ക്ക് വിധേയമാക്കാം. ഗ്രീക്കിൽ 'അനെർ' (aner) എന്ന പദത്തിന് ഭർത്താവെന്നോ പുരുഷനെന്നോ അർത്ഥമുണ്ട്. അതുപോലെ ഗ്രീക്കിൽ 'ഗുനെ' (gune) എന്ന പദത്തിന് സ്ത്രീ എന്നോ ഭാര്യ എന്നോ അർത്ഥമുണ്ട്. ചില തർജ്ജമയിൽ ഭർത്താവെന്നും ഭാര്യയെന്നും കാണുന്നതിനാൽ ഭർത്താക്കന്മാർ തല മൂടാതിരിക്കുകയും ഭാര്യമാർ മാത്രം തല മൂടുകയും ചെയ്താൽ മതി എന്ന ആശയം വരുന്നു. അപ്പോൾ അവിവാഹിതരായ പുരുഷന്മാരും സ്ത്രീകളും ഇതിൽ ഉൾപ്പെടുന്നില്ല. എന്നാൽ മൂടുപത്തിന്റെ ഉദ്ദേശം നാം കണക്കിലെടുക്കുമ്പോൾ ഇത് വിവാഹിതരും അവിവാഹിതരുമായ എല്ലാ പുരുഷന്മാരേയും സ്ത്രീകളേയും ഉൾപ്പെടുത്തിയാണ് പൗലൊസ് പറഞ്ഞിട്ടുള്ളതെന്നു തെളിയുന്നു. മലയാളത്തിൽ സ്ത്രീ എന്നും പുരുഷൻ എന്നും ശരിയായി തർജ്ജമ ചെയ്തിരിക്കുന്നു.

**വിധേയത്വം (Subordination)**

ആദാം ആദ്യം സൃഷ്ടിക്കപ്പെട്ടു. പിന്നെ ഹവ്വാ. അതുകൊണ്ട് സൃഷ്ടിയുടെ ക്രമത്തിൽ പുരുഷൻ സ്ത്രീക്ക് മുമ്പെയുള്ളവനാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പുരുഷന് വിധേയമാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സൈന്യത്തിലെന്നപ്പോലെ പുരുഷന്റെ ആജ്ഞാനുസരണം സ്ത്രീ വർത്തിക്കണം എന്നർത്ഥമില്ല. സൃഷ്ടിക്കു പുറമേ പുരുഷനും സ്ത്രീയും തുല്യരാണ്.

കുടുംബം സ്ഥാപിച്ചതും അതിനുവേണ്ടി മുൻകൈ എടുത്തതും ദൈവമാണ് (ഉല്പ. 2:23-24) ദൈവം തന്നെയാണ് ഭർത്താവിന് ഭാര്യയുടെ മേൽ അധികാരം കൊടുത്തിരിക്കുന്നതും, അതുകൊണ്ട് ദൈവത്തിന്റെ നിയമം അനുസരിക്കുവാൻ നാം ബാധ്യസ്ഥരാണ്. •

*തുടരും......*

# ചെറിയവരെ തുച്ഛീകരിക്കരുത്

**കുര്യൻ ജോൺ**



ചെറുപ്രായത്തിൽ ഹൃദയത്തിൽ പതിയുന്ന കാര്യങ്ങൾ ഒരു വ്യക്തിയുടെ ജീവിതാന്ത്യം വരെ സ്വാധീനം ചെലുത്തും. ഉത്തമപൗരന്മാർ രൂപപ്പെടേണ്ടതിന് ശൈശവ പ്രായത്തിൽ തന്നെ ധാർമ്മികവും ആത്മീകവുമായ മൂല്യങ്ങൾ കുഞ്ഞുങ്ങളിലേക്ക് പകർന്നു നൽകേണ്ടതാണ്. മാതാപിതാക്കന്മാരും സണ്ടേ സ്കൂൾ അദ്ധ്യാപകരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങളിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതും അവർക്ക് അത് വിനിമയം ചെയ്യാനുള്ള വേദികൾ ഒരുക്കേണ്ടതും സ്ഥലം സഭകളുടെ കർത്തവ്യമാണ്. അവരിലെ കഴിവുകൾ ലോകം ദുരുപയോഗം ചെയ്യുവാൻ നമ്മുടെ അല്പം ഉദാസീനത ധാരാളം മതി. മാതാപിതാക്കന്മാരെ അനുസരിക്കാനും സ്ഥലം സഭകളെ ബഹുമാനിക്കാനുമുള്ള പരിശീലനം ബാല്യത്തിൽ തന്നെ നൽകണം. അവരെ പരിഗണിക്കയും പ്രോത്സാഹിപ്പിക്കുകയും വേണം. മുളന്തുരുത്തി ബ്രദറൺ യൂത്ത് മീറ്റിൽ സംസാരിക്കവെ അദ്ദേഹം ഓർപ്പിച്ചു.

# വേർപാട്

**അടുത്ത ലക്കം സ്പെഷ്യൽ പതിപ്പ്**

## വിവാഹവും വിവാഹമോചനവും തിരുവചനവെളിച്ചത്തിൽ

**ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് തിരുവചന വെളിച്ചത്തിൽ തയ്യാർ ചെയ്യുന്ന പ്രത്യേക പതിപ്പ്**

1. വിവാഹം എന്ത്?
2. വിവാഹത്തിന്റെ ഉദ്ദേശ്യം
3. വിവാഹത്തിന്റെ പ്രസക്തി
4. സ്ത്രീ പുരുഷന്മാർ ഭാര്യഭർത്താക്കന്മാരാകുന്നതെപ്പോൾ?
5. ഇന്ത്യൻ ഭരണഘടനാനുസൃതമായ വിവാഹ നിയമങ്ങൾ
6. ബൈബിൾ അംഗീകരിക്കാത്ത വിവാഹങ്ങൾ
7. ബൈബിളും വിവാഹപ്രമാണങ്ങളും
8. വിവാഹാനുബന്ധപാപങ്ങൾ
9. വിവാഹമോചനം തിരുവെഴുത്തു എന്തു പറയുന്നു?

തുടങ്ങിയ വിഷയങ്ങൾ തിരുവചനവെളിച്ചത്തിൽ വിശകലനം ചെയ്യുന്നു.

# വേർപാട് വാർത്താ പത്രിക

**സുതാര്യം ✦ വസ്തുനിഷ്ഠം ✦ വചനാനുസൃതം**

PRINTED MATTER

TO.

If Undelivered Please return to
SANEESH CHERIAN
LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

## വൈ.എം.ഇ.എഫ്.
# ജനറൽ ക്യാമ്പ്

**ഓഗസ്റ്റ് 27 – 31 വരെ**

സ്ഥലം :
**പെനിയേൽ ബൈബിൾ സെമിനാരി**
കീഴില്ലം

**പ്രധാന ലീഡേഴ്സ്**
തോംസൺ ബി. തോമസ്
ശമുവേൽ ബി. തോമസ്
ജോസ് മാങ്കുടി

പ്രാർത്ഥിക്കുക
പങ്കെടുക്കുക

കൂടുതൽ വിവരങ്ങൾക്ക്
ബന്ധപ്പെടുക
എ.ഡി. ജെയിംസ്
സാംസൺ ശമുവേൽ

This Publication is owned, printed and published by Saneesh Cherian.
printed at Maptho Printings, Kalamassery for Brethren Research Group.